# 55

# അവന്റെ ഏഴ് ഹാ കഷ്ടവും യെരുശലേമിനെ കുറിച്ചുള്ള വിലാപവും

## (23:13- 39)

തന്നെ തള്ളിക്കളഞ്ഞ് ആളുകളെ തെറ്റിക്കുന്ന യെഹൂദ മതാദ്ധ്യക്ഷന്മാർക്ക് “ഹാ കഷ്ടം” എന്ന് യേശു തന്റെ ദൈവാലയത്തിലെ പരസ്യ പ്രസംഗത്തിൽ പല പ്രാവശ്യം പറഞ്ഞിരിക്കുന്നു. “ഹാ കഷ്ടം” എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഔവായി*) പലപ്പോഴും പ്രവാചകന്മാർ ഉപയോഗിച്ച എബ്രായ വാക്കിനു (*ഹോയ്*) തുല്യമാണ് (യെശ. 5:8–23; ഹബ. 2:6–19). അതിന് ദുഃഖം, വേദന, ദേഷ്യം, സങ്കടം, ഖേദം, അല്ലെങ്കിൽ ആരുടെയെങ്കിലും ജീവൻ നഷ്ടപ്പെടും എന്ന ഭയം എന്നും പറയാം. ജോൺ മാക് ആർദർ ജുനിയർ എഴുതി, “ആ വാക്ക് സാധാരണ ശബ്ദാനുകരണാലങ്കാര വ്യാക്ഷേപമെന്നതിനേക്കാൾ അധികരിച്ച വാക്കല്ല.”[1] മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് ഒരു നാടകീയ ശബ്ദ പ്രകടനമാണ്. തന്റെ ശുശ്രൂഷയിൽ യേശു മറ്റു “ഹാ കഷ്ടങ്ങൾ” ഉപയോഗിച്ചിരിക്കുന്നു (11:21; 18:7; 24:19; 26:24). “അനുഗ്രഹം” എന്ന വാക്കിന്റെ നേരെ എതിരാണ് “ഹാ കഷ്ടം.” (ലൂക്കൊ. 6:17–26).

ഈ അവസരത്തിൽ യേശു എത്ര ഹാ കഷ്ടം പറഞ്ഞു എന്നത് ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എട്ട് ഹാ കഷ്ടം കെജെവിയിൽ കാണാം. വാക്യം 14–ൽ ഒന്ന് ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നതെങ്കിലും, എൻഏഎസ്ബിയിലും എട്ടെണ്ണമാണ് കാണുന്നത്. എൻഐവിയിൽ, വാക്യം 14 ഒരു കുറിപ്പിനായി ഉപേക്ഷിച്ചിരിക്കയാൽ ഏഴെണ്ണമേയുള്ളു. ആദ്യത്തെ കയ്യെഴുത്തു പ്രതികളിൽ കാണാതിരുന്നതിലാണ് ആധുനിക തർജിമകളിൽ ആ വാക്യത്തെ ഇങ്ങനെ കൊടുത്തിരിക്കുന്നത്. കൂടാതെ, വാക്യത്തിൽ പറയുന്ന സാക്ഷികളെ വാക്യം 13 നു മുൻപോ അല്ലെങ്കിൽ പുറകിലോ ആണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് വേദഭാഗത്തെ വിമർശിക്കുന്നവർ പറയുന്നത്, അത് സമാന്തര വേദഭാഗങ്ങളായ മർക്കൊസ് 12:40–ൽ നിന്നോ അല്ലെങ്കിൽ ലൂക്കൊസ് 20:47–ൽ നിന്നോ എടുത്തതാണ് എന്നത്രെ. അവിടെ പറഞ്ഞിരിക്കുന്നതിനെ ആരും എതിർക്കുന്നില്ല.[2]

മത്തായിയുടെ ഈ ഭാഗത്തെ തെളിവുകൾ വെച്ച് ഏഴു ഹാ കഷ്ടത്തെയാണ് അനുകൂലിക്കുന്നത്, അത് പൂർണ്ണ സംഖ്യയെയുമാണ് കാണിക്കുന്നത് (വെളി. 5:1; 8:2; 10:3; 15:1; 16:1). വാക്യങ്ങൾ 13 ലും 15 ലും പരീശന്മാർ മറ്റുള്ളവരെ സ്വാധീനിക്കുന്നതിനെ കുറിച്ച് പറയുന്ന കാര്യങ്ങൾ വാക്യം 14–ൽ ചേർത്തിരിക്കുന്നത് കാണാം. എത്ര ഹാ കഷ്ടമുണ്ടെന്ന് പറഞ്ഞിട്ടില്ലെങ്കിലും, മത്തായിയിൽ ഏഴു ഹാ കഷ്ടങ്ങളെയും കുറിച്ച് പറയുന്നു.

## ആദ്യത്തെ ഹാ കഷ്ടം (23:13, 14)

**[13]"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്ക് സ്വർഗ രാജ്യം അടെച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല; കടക്കുവാൻ ശ്രമിക്കുന്നവരെ അതിനു സമ്മതിക്കുന്നതുമില്ല." "കപടഭക്തിക്കാരായ പരീശന്മാരും ശാസ്ത്രിമാരുമായുള്ളോരെ, നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ വിധവമാരായവരുടെ വീടുകളെ വിഴുങ്ങുകയും, ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതുഹേതുവായി നിങ്ങൾക്കു കടുമയേറിയ ശിക്ഷാവിധി വരും. [14][കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരും ആയുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു.]"**

**വാക്യം 13.** മിക്ക ഹാ കഷ്ടങ്ങളിലുമെന്ന പോലെ, യേശു ആദ്യത്തെ "ഹാ കഷ്ടതയിലും" **ശാസ്ത്രിമാരുടേയും പരീശന്മാരുടേയും കാപട്യത്തെ,** അവൻ ആദ്യ കഷ്ടതയിൽ തന്നെ വിശദമാക്കുന്നു (23:15, 23, 25, 27, 29). തിയേറ്ററിലെ ഒരു "അഭിനേതാവ്" എന്നതിന് ഉപയോഗിക്കുന്ന ഗ്രീക്ക് വാക്കാണ് "കപടഭക്തി" (*ഹൂപോക്രൈറ്റസ്*). അത് പിന്നീട് ഒരാളുടെ തനി സ്വരൂപത്തിന് വിപരീതമായ അവസ്ഥ ഒരു മുഖം മൂടി ധരിച്ച് പ്രദർശിപ്പിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു (6:2, 5 ന്റെ പരാമർശം നോക്കുക). ആ മതാദ്ധ്യക്ഷന്മാർ തങ്ങൾക്കില്ലാത്ത നീതി നടിക്കുകയായിരുന്നു എന്ന് യേശുവിന് അറിയാമായിരുന്നു.

യെഹൂദ മതാദ്ധ്യക്ഷന്മാർ **ആളുകൾക്ക് സ്വർഗരാജ്യം അടെച്ചുകളയുകയാണെന്ന്** കർത്താവ് പറഞ്ഞു. "അടെക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ക്ലെയിയോ*) തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "അടെക്കുക," "പൂട്ടുക" അല്ലെങ്കിൽ "തടയുക." അത് "താക്കോൽ" (*ക്ലെയിസ്*) എന്നതിനുപയോഗിച്ച വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ വാക്ക് യേശു പത്രൊസിന് വാഗ്ദാനം ചെയ്ത "സ്വർഗരാജ്യത്തിന്റെ താക്കോൽ" എന്നതിൽ കാണാം (16:19). അതുകൊണ്ട്, യെഹൂദ മതാദ്ധ്യക്ഷന്മാർക്കും യേശുവിന്റെ ശിഷ്യന്മാർക്കും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നു. ശാസ്ത്രിമാരും പരീശന്മാരും ദൈവരാജ്യത്തെ അടെച്ചു വെക്കുകയായിരുന്നു, എന്നാൽ പത്രൊസും മറ്റ് അപ്പൊസ്തലന്മാരും ആളുകൾക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ രാജ്യം തുറന്നു കൊടുക്കുകയായിരുന്നു (16:19 ന്റെ പരാമർശം നോക്കുക). താക്കോൽ പ്രതിനിധാനം ചെയ്യുന്നത് ക്രിസ്തുവിന്റെ സുവിശേഷമാണ്. മറ്റൊരു ഭാഗത്ത് "ന്യായ" (ശാസ്ത്രിമാർ) "പരിജ്ഞാനത്തിന്റെ താക്കോൽ" എടുത്തു കളയുന്നതായി യേശു പറഞ്ഞിരിക്കുന്നു (ലൂക്കൊ. 11:52). ആത്മാർത്ഥതയോടെ സത്യം അന്വേഷിക്കുന്നവർക്ക് അതു കണ്ടെത്തുവാൻ തടസമായി തീർന്നതിന്റെ കാരണം, അവർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതും, അവരുടെ സമ്പ്രദായങ്ങളും, കാപട്യവുമായിരുന്നു.

യേശു തന്റെ പ്രസ്താവന വ്യക്തമാക്കി, **"നിങ്ങൾ ദൈവരാജ്യത്തിൽ കടക്കുന്നുമില്ല, കടക്കുവാൻ ആഗ്രഹിക്കുന്നവരെ കടത്തുന്നുമില്ല."** ക്രിസ്തുവിനേയും അവന്റെ രാജ്യത്തെയും മിക്ക ശാസ്ത്രിമാരും പരീശന്മാരും തള്ളിക്കളഞ്ഞത് അപകടമായിരുന്നു. എങ്ങനെയായാലും, യേശുവിൽനിന്ന് ആളുകളുടെ മനസിനെ തിരിക്കുവാൻ വിഷം കുത്തി വെച്ചത് കൂടുതൽ വഷളായി

തീർന്നു. യെഹൂദന്മാരിൽ പലരും യേശുവിൽ വിശ്വസിച്ചതായി യോഹന്നാൻ പല വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നു, എന്നാൽ തങ്ങളെ അദ്ധ്യക്ഷന്മാർ പള്ളിയിൽനിന്നു പുറത്താക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുമെന്നതിനാൽ, അവർക്ക് യേശുവിലുള്ള വിശ്വാസം ഏറ്റു പറയുവാൻ അവർ ഭയപ്പെട്ടിരുന്നു (യോഹ. 7:12, 13; 9:22; 12:42; 19:38).

**വാക്യം 14**. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, ചില കയ്യെഴുത്തുപ്രതികളിൽ വേറെ കഷ്ടങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത് ഒരുപക്ഷെ മർക്കൊസ് 12:40 ൽനിന്നോ അല്ലെങ്കിൽ ലൂക്കൊസ് 20:47 ൽനിന്നോ എടുത്തതാകാം: **വിധവമാരുടെ വീടുകളെ വിഴുങ്ങുകയും, ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കയും ചെയ്യുന്ന ... നിങ്ങൾക്ക് ഹാ കഷ്ടം.** യെഹൂദ അദ്ധ്യക്ഷന്മാർ ഒരുപക്ഷെ വിധവമാരുടെ സ്ഥലങ്ങളെ മനപ്പൂർവ്വം കൈവശപ്പെടുത്തിയിരിക്കാം. അദ്ധ്യക്ഷന്മാർ തങ്ങളുടെ അധികാരം ഉപയോഗിച്ച് ഭർത്താക്കന്മാർ ഇല്ലാത്ത സ്ത്രീകളുടെ തോട്ടങ്ങൾ നോക്കുവാൻ സൂക്ഷിപ്പുകാരെ ആക്കുകയും അതിൽനിന്നുള്ള ആദായങ്ങൾ അവർ എടുക്കുകയും ചെയ്തിരിക്കാം.[3] ആ വിധവമാരുടെ അതിഥിസൽക്കാരത്തെ അദ്ധ്യക്ഷന്മാർ ചൂഷണം ചെയ്തിരിപ്പാനും സാധ്യതയുണ്ട്.[4] അടുത്ത സമയത്ത് പങ്കാളി നഷ്ടപ്പെട്ട സ്ത്രീയാണെങ്കിൽ പെട്ടെന്ന് വഞ്ചിതയായേക്കാം. ദുഃഖിച്ചിരിക്കുന്ന വിധവയെ ചതിക്കുന്നത് വളരെ ഖേദകരമാണ്, പക്ഷെ ഒരു മതാദ്ധ്യക്ഷനാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ അതെത്ര നിന്ദ്യമാണെന്ന് ഓർക്കുക.

"നീണ്ട പ്രാർത്ഥനക്ക്" കേൾവി കേട്ടവരായിരുന്നു ആ കപടഭക്തിക്കാർ. അവർ തെരുക്കോണുകളിലും, ചന്തസ്ഥലത്തും നിന്നു ആവർത്തിച്ചാവർത്തിച്ച് നീണ്ട പ്രാർത്ഥന നടത്തുന്നതിനെ കുറിച്ച് യേശു മുൻപ് പറയുകയുണ്ടായി (6:5–7 ന്റെ പരാമർശം നോക്കുക). സമൂഹത്തിലെ ഏറ്റവും ബലഹീനരായവരെ വശത്താക്കുന്ന തന്ത്രശാലികൾ അവരുടെ ഭക്തി മറ്റുള്ളവരെ കാണിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു.

ആ വാക്യത്തിലെ അവസാന പ്രസ്താവന, **ആകയാൽ നിങ്ങൾക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരും എന്നത്,** നരകത്തിൽ അനുഭവിക്കുവാനിരിക്കുന്ന ശിക്ഷാവിധിയെയാണ് ഓർപ്പിക്കുന്നത്. ഈ ആശയത്തെ പിന്താങ്ങുന്ന പല വേദഭാഗങ്ങളുമുണ്ട് (11:23, 24; ലൂക്കൊ. 12:47, 48; 2 തിമൊ. 4:14; എബ്രാ. 2:2, 3; 10:29; യാക്കൊ. 3:1). ഓരോരുത്തരുടെ പ്രവൃത്തികൾക്കനുസരിച്ചാണ് ദൈവം ശിക്ഷ നൽകുന്നത് (റോമർ 2:5, 6; 2 തെസ്സ. 1:7, 8). തിരുവെഴുത്തുകൾ വ്യക്തമാക്കുന്നത് കൂടുതൽ തെറ്റുകൾ ചെയ്യുന്നവർക്ക് കൂടുതൽ ശിക്ഷയും കുറച്ചു തെറ്റുകൾ ചെയ്യുന്നവർക്ക് കുറച്ചു ശിക്ഷയും ലഭിക്കുമെന്നാണ്.

### രണ്ടാമത്തെ കഷ്ടം (23:15)

**15 കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം, നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു.**

**വാക്യം 15.** മറ്റുള്ളവർ ദൈവരാജ്യത്തിലേക്ക് കടക്കാതെ തടയുന്ന യെഹൂദ അദ്ധ്യക്ഷന്മാരുടെ കുറ്റത്തിനായിരുന്നു ആദ്യത്തെ കഷ്ടം എന്നു പ

റഞ്ഞത് (23:13). രണ്ടാമത്തെ **കഷ്ടം**, തങ്ങളുടെ കാപട്യത്തിലേക്ക് ആളുകളെ പരിവർത്തനം ചെയ്ത കുറ്റത്തിനായിരുന്നു.

**യെഹൂദമതാനുസാരി** എന്ന വാക്ക് (*പ്രോസെലൂടോസ്*) സാധാരണ ജാതികളിൽനിന്നു യെഹൂദ മതത്തിലേക്ക് പരിവർത്തനം ചെയ്ത വ്യക്തികളെ പറയുന്നതാണ്. "പ്രോസെലേറ്റ് ഓഫ് ദ ഗേറ്റ്" വാസ്തവത്തിൽ യെഹൂദരായി തീരുന്നില്ല; അവർ ദൈവ-ഭയമുള്ളവരും യെഹൂദമതത്തോട് സഹതാപമുള്ളവരും ആയിരുന്നു (പ്രവൃ. 10:2, 22, 35; 13:16, 26, 50; 16:14, 17:4, 17; 18:7).[5] "പ്രോസെലേറ്റ് ഓഫ് റൈറ്റിയസ്നെസ്" പരിഛേദന കഴിക്കയും, വാസ്തവത്തിൽ യെഹൂദന്മാരാകുകയും ചെയ്തവരാണ് (പ്രവൃ. 2:10; 6:5; 13:43). എന്നിരുന്നാലും, ഇവിടെ പറയുന്ന "പ്രോസെലേറ്റ്" പരീശവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തവരെ ഉദ്ദേശിച്ച് പറയുന്നതാണ്.

പരീശന്മാർ ഒരാളെ പരിവർത്തനം ചെയ്യുവാനായി ധാരാളം ഊർജം ചെലവഴിക്കുമായിരുന്നു. "വലിയ പരിശ്രമം" നടത്തുന്നു എന്ന അർത്ഥത്തിലാണ് **കരയും കടലും കടന്നു ഒരാളെ മതത്തിൽ ചേർക്കും** എന്ന് ഉപയോഗിച്ചിരിക്കുന്നത്. യെഹൂദ മതാനുസാരികൾ യെഹൂദമതത്തെ ആകർഷണീയമാക്കിയിരുന്നു. അവരുടെ പ്രവൃത്തികൾ വിജയകരമായിരുന്നു,[6] പക്ഷെ പരീശന്മാരുടെ ഫലമോ ശോകമൂകമാക്കി.

അവർ ഒരിക്കൽ ഒരാളെ യെഹൂദ മതാനുസാരിയാക്കിയാൽ, പിന്നെ **അയാളെ അവരേക്കാൾ ഇരട്ടിച്ച നരകയോഗ്യനാക്കിയിരുന്നു** എന്നാണ് യേശു പറഞ്ഞത്. "നരക പുത്രൻ" എന്ന യെഹൂദസംബന്ധിയായ പ്രയോഗം അർത്ഥമാക്കുന്നത് ഒരാൾ നരകത്തിനു മാത്രം യോഗ്യൻ എന്നാണ്.[7] ആ പരിവർത്തകർ തങ്ങളുടെ പരിശീലകരേക്കാൾ സാമ്പത്തിക എരിവുള്ളവരായിരുന്നു, പക്ഷെ ആ എരിവ്, നുണയുടേയും, കാപട്യത്തിന്റേയും അടിസ്ഥാനത്തിലായിരുന്നതിനാൽ, അവർക്ക് ഇരട്ടി ശിക്ഷാവിധി ലഭിക്കും.

### ഹാ കഷ്ടം എന്ന വാക്ക് (23:16-22)

**16"ആരെങ്കിലും മന്ദിരത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്നും 'മന്ദിരത്തിലെ സ്വർണ്ണത്തെ ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ' എന്നും പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് ഹാ കഷ്ടം.**
**17'മൂഢന്മാരും കുരുടന്മാരുമായുള്ളോരേ, ഏത് വലിയത്? സ്വർണ്ണമോ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ?' 18യാഗപീഠത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല; അതിന്മേലുള്ള വഴിപാട് ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ എന്നു നിങ്ങൾ പറയുന്നു. 19'കുരുടന്മാരായുള്ളോരേ ഏത് വലിയത്? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ?' 20'ആകയാൽ യാഗപീഠത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ അതിനേയും അതിന്മേലുള്ള സകലത്തേയും ചൊല്ലി സത്യം ചെയ്യുന്നു. 21മന്ദിരത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ അതിനേയും അതിൽ വസിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു. 22സ്വർഗത്തെ ചൊല്ലി സത്യം ചെയ്യുന്നവൻ ദൈവത്തിന്റെ സിംഹാസനത്തെയും അതിൽ ഇരിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു.' "**

**വാക്യം 16.** മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായിട്ടാണ് മൂന്നാമത്തെ ഹാ **കഷ്ടം** തുടങ്ങുന്നത്. "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമാ

യുള്ളോരേ" എന്നു പറയുന്നതിനു പകരം ഇപ്പോൾ യേശു **കുരുടന്മാരായ വഴികാട്ടികളെ** എന്നാണ് വിളിച്ചത്. മുൻപ് "അവരെ വിടുക, അവർ കുരുട ന്മാരെ വഴി കാട്ടുന്ന കുരുടന്മാരായ വഴികാട്ടികൾ; കുരുടൻ കുരുടനെ വഴി കാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും" എന്നാണ് യേശു പറഞ്ഞത് (15:14). വളരെ കാലമായി ആത്മിയ വെളിച്ചത്തിന്റേയും സത്യപരിജ്ഞാനത്തിന്റേയും ഉറവിടം ലഭിച്ചവരായിരുന്നു പരീശന്മാർ എങ്കിലും, അവർ ആത്മിയമായ കുരു ടന്മാരായിരുന്നു. അവർ സത്യം അറിഞ്ഞിരുന്നില്ല! അവർ സത്യത്തിലേക്ക് വന്നില്ലെങ്കിൽ, അവരും അവരുടെ അനുയായികളും അവസാനം ന്യായവി ധിക്കുശേഷം നിത്യ നരകത്തിലേക്ക് തള്ളപ്പെടും.

23:16–22–ൽ, സത്യം ചൊല്ലുന്നതിനെ കുറിച്ചുള്ള ഉദാഹരണം പറഞ്ഞു കൊണ്ട് യേശു അവരുടെ ആത്മിയമായ അന്ധതയെ തുറന്നു കാണിച്ചു (5:34–37 ന്റെ പരാമർശം നോക്കുക). സത്യം കെട്ടപ്പെടുന്നതിന്റെ തെറ്റായ അവരുടെ യുക്തിയെ യേശു കുറ്റപ്പെടുത്തി. ദൈവത്തെ മുൻനിർത്തി സത്യം ചെയ്യാതെ, മന്ദിരത്തെ, യാഗപീഠത്തെ, സ്വർഗത്തെ കുറിച്ചെല്ലാം സത്യം ചെയ്യു ന്നത് വിഡ്ഢിത്തമാണ്. വാക്കുകളുടെ ഉപായത്താൽ, കബളിപ്പിക്കാവുന്നവ നല്ല ദൈവം. ഈ കഷ്ടം സത്യം ചൊല്ലുന്നതിനെ അനുവദിക്കുന്നില്ല, എന്നാൽ അത് കർത്താവിന്റെ എതിരാളികളുടെ അന്ധതയുടെ ലക്ഷണമായിരുന്നു.[8]

പരീശന്മാർ തങ്ങളുടെ ശിഷ്യന്മാരോട് പറയും, **"ആരെങ്കിലും മന്ദിരത്തെ ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്നും മന്ദിരത്തിലെ സ്വർണ്ണത്തെ ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ ആകുന്നു."** "മന്ദിരം" (*നാവോസ്*) - അകത്തെ വിശുദ്ധസ്ഥലം - ദൈവസാന്നിധ്യത്തെ വെളിപ്പെടുത്തുന്നു. അവിടെയാണ് അവന്റെ നാമം വെച്ചിരിക്കുന്നത് (2 ദിന. 5:11–14; 6:18–21). എന്നിരുന്നാലും, ഒരാൾ മന്ദിരത്തെ കുറിച്ച് സത്യം ചെയ്യുന്നതിനേക്കാൾ കടക്കാരനാകുന്നത് മന്ദിരത്തിലെ സ്വർണ്ണത്തെ ചൊല്ലി സത്യം ചെയ്യുമ്പോഴാ ണെന്നതായിരുന്നു പരീശന്മാരുടെ കാഴ്ച്ചപ്പാട്. ഉള്ളിലെ വിശുദ്ധസ്ഥലത്തെ ചുമരുകൾ സ്വർണ്ണം പൂശിയിരുന്നതിനെയാണ് സ്വർണ്ണം എന്നത് ഉദ്ദേശിക്കു ന്നത്. ജോസെഫസ് എഴുതി,

> അപ്പോൾ മന്ദിരത്തിന്റെ പുറമെയുള്ള മുഖപ്പും, മുൻവശത്തെ ഭാഗവും ... മുഴുവനും ഘനമുള്ള സ്വർണ്ണ പ്ലെയിറ്റു [കളാൽ] ആവരണം ചെയ്തിരുന്നു. സൂര്യൻ ആദ്യം ഉദിച്ചുവരുമ്പോൾ, അതിൽ പ്രകാശം തട്ടി പു റകിലേക്ക് പ്രതിഫലിക്കുമ്പോൾ, മനോഹരമായ പ്രകാശം നിമിത്തം നോക്കുന്നവരുടെ കണ്ണ്, സൂര്യരശ്മിയിലേക്ക് നേരിട്ടുനോക്കുന്നതുപോ ലെ മഞ്ഞളിക്കും.[9]

മന്ദിരത്തിലേക്ക് ആളുകൾ സംഭാവന ചെയ്ത സ്വർണ്ണമാകുവാനും സാധ്യ തയുണ്ട്.[10]

**വാക്യം 17.** യേശു പരീശന്മാരെ **മൂഢന്മാർ** എന്നാണ് വിളിച്ചത്. മുൻപ് അവൻ കോപിച്ചിട്ട് "മൂഢാ" (*മോറോസ്*) എന്ന് വിളിക്കുന്നതിനെതിരെ സംസാരിച്ചു (5:22). പറയുന്ന വാക്കല്ല കാര്യമായുള്ളത്, മറിച്ച് പറയുന്ന മനോഭാവമാണ് കാര്യമായുള്ളത് എന്ന് അലൻ ഹഫ് മെക്നെയിൽ വിചാരി ച്ചു.[11] അവരുടെ മൗഢ്യമായ യുക്തിയെ തുറന്നു കാണിച്ച് യേശു ചോദിച്ചു, **"ഏതു വലിയത്? സ്വർണ്ണമോ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ?"**

തീർച്ചയായും സ്വർണ്ണത്തേക്കാൾ മന്ദിരം തന്നെയാണ് വലിയത്. മന്ദിരമാണ് സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നത്, അല്ലാതെ തിരിച്ചല്ല.

**വാക്യം 18.** ഒരാൾ യാഗപീഠത്തെ ചൊല്ലി സത്യം ചെയ്താൽ **ഏതുമില്ല** എന്നും, അതിന്മേലുള്ള **വഴിപാട്** ചൊല്ലി സത്യം ചെയ്യുന്നവനോ **കടക്കാരനാകുന്നു** എന്നും പരീശന്മാർ പറഞ്ഞു. ദൈവാലയ പ്രവേശന കവാടത്തിനു മുൻപിൽ ദഹനയാഗം കഴിക്കുവാനുള്ള പീഠത്തെയാണ് ഇവിടെ യാഗപീഠം എന്നു പറഞ്ഞിരിക്കുന്നത്. ഈ യാഗപീഠത്തിൽ പുരോഹിതന്മാർ ഓരോ ദിവസവും മൃഗയാഗം അർപ്പിക്കും, വഴിപാടുകളായി ധാന്യവും വീഞ്ഞും അർപ്പിക്കുമായിരുന്നു. “വഴിപാട്” എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഡോറോൺ*) “ദാനം” എന്നും തർജിമ ചെയ്യാം (എൻഐവി).

**വാക്യം 19.** ഒരിക്കൽ കൂടെ, പരീശന്മാരുടെ വിവേചനം തെറ്റിപ്പോയി. യേശു ചോദിച്ചു, “**ഏത് വലിയത്? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ?**” പുറപ്പാട് 29:37 പറയുന്നു “യാഗപീഠത്തെ തൊടുന്നതെല്ലാം ശുദ്ധമാകും.” തീർച്ചയായും, വഴിപാടുകൾ യാഗപീഠത്തിലാണ് അർപ്പിക്കുന്നത്, ആകയാൽ യാഗപീഠമാണ് വലിയത്.

**വാക്യങ്ങൾ 20–22. യാഗപീഠത്തെ** ചൊല്ലി സത്യം ചെയ്യുന്നത് **അതിന്മേലുള്ള എല്ലാറ്റിനേയും കുറിച്ച്** സത്യം ചെയ്യുന്നതിനു തുല്യമാണ്. സത്യം ചെയ്തിട്ട് അതു നിറവേറ്റാതിരിക്കുവാനുള്ള കപടഭക്തിക്കാർക്ക് അവർ നൽകിയ നിയമാവലികൾ – നുണയെ സൗകര്യപൂർവ്വം ന്യായീകരിക്കുന്ന പ്രവണത. പരീശന്മാർ കാര്യങ്ങൾ തലതിരിച്ചിരിക്കുന്നു എന്നു മാത്രമല്ല, ഏതു സത്യം ചെയ്താലും അതു നിവർത്തിക്കണം എന്നാണ് കർത്താവ് തന്റെ സദസ്യരോട് പറഞ്ഞത്.[12]

ആളുകൾ എപ്പോഴെങ്കിലും **മന്ദിരത്തെ** ചൊല്ലി സത്യം ചെയ്യുമ്പോൾ, അവർ **അതിൽ വസിക്കുന്ന** ദൈവത്തെ ചൊല്ലിയാണ് സത്യം ചെയ്യുന്നത് എന്നും യേശു സൂചിപ്പിച്ചു. ദൈവാലയം – പ്രത്യേകിച്ച്, അതിവിശുദ്ധസ്ഥലമാണ് – അത് ദൈവസാന്നിധ്യത്തെയാണ് പ്രതിനിധീകരിക്കുന്നത്. സ്വർഗത്തിലെ ദൈവത്തിന്റെ സിംഹാസന മുറിയുടെ നിഴലായിരുന്നു അത് (എബ്രാ. 9:1–14 നോക്കുക).

മിഷ്നാ പറയുന്നതനുസരിച്ച്, ഒരാൾ സത്യം ചെയ്യുമ്പോൾ, “സ്വർഗത്തെ ചൊല്ലിയും ഭൂമിയെ ചൊല്ലിയും സത്യം ചെയ്യരുത്.” എങ്ങനെയായാലും, അവർ ദൈവത്തെ ധ്യാനിക്കുമ്പോൾ (അത് അഡോണായി ആയാലും, യാഹേ ആയാലും, സർവ്വശക്തനായാലും ശരി) അവർ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റണം. ഒരാൾ **സ്വർഗത്തെ** കുറിച്ച് സത്യം ചെയ്യുമ്പോൾ, **അവിടെ സിംഹാസനമിട്ടിരിക്കുന്ന ദൈവത്തെ ചൊല്ലിയാണ് സത്യം ചെയ്യുന്നത്** എന്നും യേശു പറഞ്ഞു. യെശയ്യാവ് 66:1–ൽ ദൈവം പറഞ്ഞു, “സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു.”

അത്തരം എല്ലാ സത്യങ്ങൾക്കുമെതിരായി യേശു മുന്നറിയിച്ചിരുന്നു (5:33–37). ആരായാലും സത്യം ചെയ്താൽ അത് നിവർത്തിക്കുവാൻ ബാധ്യസ്ഥനാണെന്നാണ് അവൻ പറഞ്ഞത്. ഏതൊരു സത്യമായാലും, അതിലെ വാക്കുകൾ എന്തായാലും, ദൈവം അതിനു പ്രധാനസാക്ഷിയാകയാൽ അവനാണ് അന്തിമ ന്യായാധിപൻ (12:36, 37 നോക്കുക).[14]

## നാലാമത്തെ കഷ്ടം (23:23, 24)

**[23]"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കയും, ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. അതു ചെയ്യുകയും ഇത് ത്യജിക്കാതിരിക്കയും വേണം. [24]കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു!"**

**വാക്യം 23. പതാരം** കൊടുക്കുന്നത് ഉൾപ്പെടുന്നതാണ് നാലാമത്തെ **കഷ്ടം**. യെരുശലേമിന്റെ ആദ്യത്തെ പേരായ ശാലേം രാജാവും/പുരോഹിതനുമായിരുന്ന, മൽക്കിസെദേക്കിന് അബ്രഹാം ദശാംശം കൊടുത്ത സംഭവമാണ് നാം ബൈബിളിൽ പതാരത്തെ സംബന്ധിച്ച് ആദ്യം വായിക്കുന്നത് (ഉല്. 14:18–20). ദശാംശം കൊടുക്കുവാൻ ന്യായപ്രമാണത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് സമ്മിശ്രമായിട്ടാണ്; മൂന്നു വിധത്തിലുള്ള ദശാംശം നിലനിന്നിരുന്നു എന്നു വിശ്വസിക്കപ്പെട്ടിരുന്നു. ദൈവം യിസ്രായേലിനോട്, ദേശത്തെ വിളവിലും, വിത്തിലും, ആടുമാടുകളിലും പത്തിലൊന്ന് യഹോവക്ക് വിശുദ്ധമായി വേർതിരിച്ച് വെക്കുവാൻ കൽപിച്ചിരുന്നു (ലേവ്യ. 27:30–33). ദേശവും സമ്പത്തും ദൈവമാണ് നൽകുന്നതെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നതായിരുന്നു ആ പരിശീലനം (ലേവ്യ. 25:23; ആവ. 8:17, 18). ആദ്യം സമാഗമനകൂടാരത്തിലും പിന്നീട് ദൈവാലയത്തിലും ശുശ്രൂഷ ചെയ്ത ലേവ്യർക്കുള്ളതായിരുന്നു പതാരം (സംഖ്യ. 18:21–24).[15] ദൈവത്തിന്റെ നാമം വെച്ചിരിക്കുന്ന സ്ഥാനത്തുള്ള ലേവ്യരും മറ്റുള്ളവരും പതാരം പങ്കിട്ടിരുന്നതായി മറ്റു വേദഭാഗങ്ങൾ പറയുന്നു (ആവ. 12:5–19; 14:22, 23). ഒരു യിസ്രായേല്യൻ അതു കൊണ്ടുവരുവാൻ പറ്റാത്തത്ര ദൂരത്തിലാണ് താമസിക്കുന്നതെങ്കിൽ, അവ വിറ്റു പണമായി കൊണ്ടുവന്ന് ആവശ്യമായവ വാങ്ങുവാൻ അനുവാദമുണ്ടായിരുന്നു (ആവ. 14:24–27). ഓരോ മൂന്നാം വർഷവും, ഒരാളുടെ സ്വന്ത സ്ഥലത്ത് നിക്ഷേപിക്കണമായിരുന്നു. അത് ലേവ്യരേയും, അനാഥരേയും, വിധവമാരേയും, അവിടെയുള്ള നിസഹായരേയും സഹായിക്കുന്നതിനായിരുന്നു (ആവ. 14:28, 29; 26:12).

ആഹാരപദാർത്ഥങ്ങൾക്ക് രുചി വരുത്തുന്നതിനുപയോഗിച്ചിരുന്നവയായിരുന്നു, **തുളസി, ചതകുപ്പ, ജീരകം** എന്നിവ. യെശയ്യാവ് പറയുന്നതനുസരിച്ച്, കൃഷിക്കാരൻ കരിഞ്ചീരകം "വിതെക്കുകയും ജീരകം വിതറുകയുമാണ്" ചെയ്തിരുന്നത് (യെശ. 28:25). "ദേശത്തിലെ വിത്തിന്റെ പതാരത്തിൽ" ഈ വസ്തുക്കളും ഉൾപ്പെട്ടിരുന്നു (ലേവ്യ. 27:30; ആവ. 14:22).[16] പരീശന്മാർ ചെറിയ വസ്തുക്കളായ ഇലകൾക്കും ചെറിയ വിത്തുകൾക്കും പ്രാധാന്യം കൊടുത്തവരായിരുന്നു. യേശുവിന്റെ ഉപമയിൽ, "നേടുന്നതിൽ *ഒക്കെയും* ഞാൻ പതാരം കൊടുത്തു വരുന്ന" തിൽ പ്രശംസിച്ച പരീശനെ കുറിച്ച് പറയുന്നു (ലൂക്കൊ. 18:12; എംഫസിസ് ആഡഡ്). മറ്റൊരു സ്ഥലത്ത് യേശു പറഞ്ഞു, "നിങ്ങൾ തുളസിയിലും, അരൂതയിലും, എല്ലാ ചീരയിലും പതാരം കൊടുത്തിരുന്നു" (ലൂക്കൊ. 11:42).[17] തങ്ങൾ മതഭക്തരാണെന്ന് കാണിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

പരീശന്മാർ ഈ നിസാരമായ കാര്യങ്ങളിൽ വിശ്വസ്തരായിരുന്നു എങ്കിലും ന്യായപ്രമാണത്തിലെ **ഘനമേറിയ കാര്യങ്ങളെ അവർ അവഗണിച്ചി**

**രുന്നു**. ഈ സന്ദർഭത്തിൽ "ഘനമേറിയ" (*ബാരസ്*) എന്നത് ബുദ്ധിമുട്ടുള്ളത് എന്നതിനു പകരം പ്രധാനപ്പെട്ടവ എന്നു മനസിലാക്കണം.[18] ന്യായപ്രമാണത്തെ ഘനമേറിയതെന്നും ഘനം കുറഞ്ഞതെന്നും റബ്ബിമാർ തരം തിരിച്ചിരുന്നതുകൊണ്ട് യെഹൂദന്മാർക്ക് ആ ഭാഷ സുപരിചിതമായിരുന്നു (5:19 ന്റെ പരാമർശം നോക്കുക).[19] ഘനമേറിയവയിൽ ഉൾപ്പെട്ടവയായിരുന്നു **ന്യായവും** (യെശ. 1:17; യിരെ. 22:3; മീഖാ. 6:8), **കരുണയും** (ഹോശെ. 6:6; സെഖ. 7:9, 10), **വിശ്വസ്തതയും** (ഹബ. 2:4). മറ്റൊരവസരത്തിൽ യേശു പറഞ്ഞു, "ന്യായവും ദൈവസ്നേഹവും അവർ വിട്ടുകളയുന്നു" (ലൂക്കൊ. 11:42). മറ്റുള്ളവ **വിട്ടുകളയാതെ** ഈ പ്രധാനപ്പെട്ടവയും **അനുസരിക്കണമെന്നാണ്** യേശു ഊന്നി പറഞ്ഞത്.

**വാക്യം 24**. വീണ്ടും, പരീശന്മാർ **കുരുടന്മാരായ വഴികാട്ടികൾ** ആണെന്നാണ് യേശു പറഞ്ഞത് (23:16 നോക്കുക). ഇവർ നിസാരമായ കാര്യങ്ങളെ വലുതായി കാണുകയും പ്രധാനപ്പെട്ടവയെ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നവർ **കൊതുകിനെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങി കളകയും** ചെയ്യുന്നു എന്നാണ് കർത്താവ് പറഞ്ഞത്. അത്തരം വലിയ അന്തരത്തെ എടുത്തു കാണിക്കുവാൻ കർത്താവ് ഇഷ്ടപ്പെട്ടിരുന്നു (7:3, 4; 13:31, 32; 17:20; 19:24). കൊതുക് വളരെ ചെറിയ ജീവിയാണ്, എന്നാൽ ഒട്ടകം പാലസ്തീനിലെ വലിയ ജന്തുവാണ്. അത് ഒരുപക്ഷെ ദൃഷ്ടാന്തമോ, പഴഞ്ചൊല്ലോ പോലെയുള്ളതാകാം,[20] അരാമ്യയിൽ വാക്കുകൾ കൊണ്ടുള്ള പന്താടലാണ്. "കൊതുക്" എന്നതിനുള്ള വാക്ക് (*ഗാല്മാ*) അല്ലെങ്കിൽ (*ഗാംലാ*), "ഒട്ടകം" എന്നതിനള്ള വാക്ക് (*ഗാംലാ*) എന്നാണ്,[21] ഭക്ഷിക്കുവാൻ പാടില്ലാത്ത വിലക്കിയിരിക്കുന്ന അശുദ്ധമാണ് രണ്ടും (ലേവ്യ. 11:4, 20–23, 41–43). പരീശന്മാർ അവരുടെ വീഞ്ഞ് അരിച്ച് അശുദ്ധമായ ജീവികളെ കളഞ്ഞിരുന്നു.[22] ചെറിയ അശുദ്ധി പരിഹരിക്കുവാൻ ശ്രമിക്കുമ്പോൾ അവർ വലിയവ അവഗണിക്കുന്നു എന്നതാണ് യേശുവിന്റെ രൂപകാലങ്കാര പ്രസ്താവന സൂചിപ്പിക്കുന്നത്.

### അഞ്ചാമത്തെ കഷ്ടം (23:25, 26)

**25"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. 26കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വേടിപ്പാക്കേണ്ടതിന്നു, മുമ്പേ അവയുടെ അകം വെടിപ്പാക്കുക."**

**വാക്യം 25. കിണ്ടികിണ്ണങ്ങളുടെ പുറം** വൃത്തിയാക്കുകയും അകം അവഗണിക്കുകയും ചെയ്ത യെഹൂദരായ അദ്ധ്യക്ഷന്മാരെ യേശു വിമർശിക്കുന്നതായിരുന്നു അഞ്ചാമത്തെ **കഷ്ടം.** തങ്ങളെയും തങ്ങൾ ഉപയോഗിക്കുന്ന പാത്രങ്ങളെയും യെഹൂദന്മാർ ആചാരമായി ശുദ്ധീകരിക്കുമായിരുന്നു (15:1–20; മർ. 7:1–8). അവർ പാത്രങ്ങളുടെ അകവും പുറവും ശുദ്ധീകരിക്കുന്നതിൽ വ്യത്യാസം വരുത്തിയിരുന്നു.[23] യേശു ആ ചിത്രീകരണം നടത്തിയത് **ശാസ്ത്രിമാരുടേയും പരീശന്മാരുടേയും അവസ്ഥ** ബോധ്യപ്പെടുത്തുന്നതിനായിരുന്നു. അവൻ അവരെ കുറ്റപ്പെടുത്തിയതിൽ അതു വെളിപ്പെടുത്തിയിരുന്നു: **"അവരുടെ അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു.**" "ഒരു

കിണ്ടിയിലോ കിണ്ണത്തിലോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുവാൻ സാധ്യതയില്ല", പക്ഷെ ആളുകളിൽ അതു നിറഞ്ഞിരിക്കാം (15:18, 19). ആ അദ്ധ്യക്ഷന്മാർ തങ്ങളുടെ ആത്മിയാവസ്ഥ ശരിയാക്കുന്നതിനേക്കാൾ വിചാരപ്പെട്ടിരുന്നത് ആചാരപരമായ ശുദ്ധീകരണത്തിലായിരുന്നു. പരീശന്മാർ അവരുടെ ആചാരപരമായ കഴുകലുകളിൽ വളരെ ശ്രദ്ധിച്ചിരുന്നു, എന്നാൽ അവർ അത്യാഗ്രഹികളും, "ദ്രവ്യാഗ്രഹികളും" ആയിരുന്നു (ലൂക്കൊ. 16:14). "സ്വ-യേഛ" (*അക്രാസിയ*) യിൽ ലൈംഗിക ദുർന്നടപ്പും ഉൾപ്പെടുന്നു (1 കൊ. 7:5). ഇവിടെ പറഞ്ഞിരിക്കുന്ന പാത്രങ്ങളുടെ ഭാവന, അവർ ധാരാളം വീഞ്ഞും, ബിയറും കുടിച്ചിരിക്കാം എന്നു പറയപ്പെടുന്നു.

**വാക്യം 26.** യേശു അവരുടെ അതിക്രമങ്ങൾക്കും പാപങ്ങൾക്കും പ്രതിവിധി നൽകിയിരിക്കുന്നു: "**കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിന്ന് മുമ്പെ അതിന്റെ അകം വെടിപ്പാക്കുക.**" ലൂക്കൊസിൽ, അവൻ പറഞ്ഞു, "അകത്തുള്ളത് ഭിക്ഷയായി കൊടുപ്പിൻ; എന്നാൽ സകലവും നിങ്ങൾക്ക് ശുദ്ധമാകും" (ലൂക്കൊ. 11:41).

## ആറാമത്തെ കഷ്ടം (23:27, 28)

**27"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും, അകമേ ചത്തവരുടെ അസ്ഥികളും, സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. 28അങ്ങനെതന്നെ പുറമെ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്ക് തോന്നുന്നു; അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രെ."**

**വാക്യം 27.** പുറമെ കാണുന്നതും ആന്തരികമായി കാണുന്നതും തമ്മിലുള്ള വ്യത്യാസത്തെ തുടരുന്നതാണ് ആറാമത്തെ **കഷ്ടം. പുറമെ അഴകായി** കാണപ്പെടുന്ന ശവക്കല്ലറകളോടാണ് യേശു **ശാസ്ത്രിമാരെയും പരീശന്മാരെയും** ഉപമിച്ചത്. പുരാതന കല്ലറകളുള്ള ഒരു സെമിത്തേരി, യെരുശലേമിനെതിരെയുള്ള ഒലിവ് മലയുടെ താഴെ കാണാം. പുതിയനിയമ കാലത്ത്, ഓരോ വർഷവും ആദാർമാസം പതിനഞ്ചാം നാൾ ശവക്കല്ലറകളെല്ലാം വെള്ള പൂശിയിരിക്കും (ഫെബ്രുവരി/മാർച്ച്).[24] ചുണ്ണാമ്പെല്ലാം മഴക്കാലത്ത് ഒലിച്ചുപോയിരുന്നത് കൊണ്ട്, ഓരോ വർഷവും ഇതു ചെയ്യണമായിരുന്നു (യെഹെ. 13:10-12). ഈ വെള്ളപൂശൽ പെസഹ, പെന്തെകൊസ്ത് തുടങ്ങിയ പെരുന്നാളുകൾ ആഘോഷിക്കുവാൻ വരുന്ന തീർത്ഥാടകർക്ക് നഗരക്കാഴ്ച്ച മനോഹരമായിരിക്കും.[25] അതിനു പുറമെ, അറിയാതെ ആരും ശവക്കല്ലറയിൽ തൊട്ട് അശുദ്ധമാകാതെയുമിരിക്കും (ലൂക്കൊ. 11:44). അങ്ങനെ വന്നാൽ അവർ ഏഴ് ദിവസത്തേക്ക് അശുദ്ധരായിതീരുകയും (സംഖ്യാ. 19:16) പെരുന്നാളിൽ പങ്കെടുക്കുവാൻ കഴിയാതെയും വരും (യോഹ. 11:55; 18:28). ആ കല്ലറകൾ കാഴ്ച്ചക്ക് മനോഹരമാണെങ്കിലും, അവയുടെ **അകം ചത്ത മനുഷ്യരുടെ അസ്ഥികളും അശുദ്ധിയും നിറഞ്ഞിരിക്കു** [കയാണ്] എന്നു യേശു പറഞ്ഞു.

**വാക്യം 28.** ആ ഭാവന യേശു ശാസ്ത്രിമാരെയും പരീശന്മാരെയും ഉദ്ദേശിച്ചായിരുന്നു നടത്തിയത്: "**അങ്ങനെ തന്നെ പുറമെ, നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്ക് തോന്നുന്നു: അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞ**

**വരത്രെ.**" അവർ തങ്ങളുടെ മന്ത്രപ്പട്ട വീതികൂട്ടി തൊങ്ങൽ വലുതാക്കി (23:5) "മനുഷ്യർക്ക് വിളങ്ങേണ്ടതിന്" അവരുടെ നീതിയെ പ്രദർശിപ്പിച്ചു; എന്നാൽ അവരുടെ ഹൃദയം വഷളായിപ്പോയിരുന്നു. "നിയമമില്ലാതെ" "അധാർമ്മികരായി തീർന്നതല്ല, പിന്നെയോ ദൈവത്തിന്റെ ന്യായപ്രമാണത്തെ അവർ നിന്ദിക്കുകയായിരുന്നു"[26] എന്നാണ് വില്യം ഹെൻഡ്രിക്സൺ പറഞ്ഞത്.

ഇതുമായി ബന്ധപ്പെട്ട് താൽമൂദിൽ റബ്ബാൻ ഗമാലിയേൽ നടത്തിയ ഒരു പ്രഖ്യാപനത്തിൽ പറയുന്നു, "പുറമെ കാണപ്പെടുന്നതുമായി യോജിക്കാത്ത സ്വഭാവമുള്ള ഏതൊരു വിദ്യാർത്ഥിയും ബേത്ഹാ-മിദ്രാശിൽ ചേരേണ്ടതായിട്ടുണ്ട്," പിന്നീട് എല്ലാ വിദ്യാർത്ഥികളേയും സ്ക്കൂളിലേക്ക് എടുക്കുകയും, നൂറു കണക്കിനു സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തു. ന്യായപ്രമാണ സംബന്ധമായി യോഗ്യതയുള്ള പല യുവാക്കളെയും പഠിപ്പിക്കാതെ നശിപ്പിക്കുകയാണെന്ന ചിന്ത ഗമാലിയേലിലുണ്ടായിരുന്നു. എങ്ങനെയായാലും, ഗമാലിയേൽ ഒരു സ്വപ്നത്തിൽ ചാരം നിറഞ്ഞ വെള്ള വീപ്പകൾ കണ്ടത്, സ്കൂളിൽ പങ്കെടുക്കാത്തവർ ആത്മാർത്ഥതയിൽ കുറവുള്ളവരാണെന്ന് അയാൾ വിചാരിച്ചു.[27]

### ഏഴാമത്തെ കഷ്ടം (23:29-33)

**[29]"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; 'നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ പണിതും, നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചും കൊണ്ട്, [30]ഞങ്ങൾ പിതാക്കന്മാരുടെ കാലത്ത് ഉണ്ടായിരുന്നുവെങ്കിൽ, പ്രവാചകന്മാരെ കൊല്ലുന്നതിൽ കൂട്ടാളികൾ ആകയില്ലായിരുന്നു' എന്നു പറയുന്നു. [31]അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്നു നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ. [32]പിതാക്കന്മാരുടെ അളവ് നിങ്ങൾ പൂരിപ്പിച്ചുകൊൾവിൻ; [33]പാമ്പുകളേ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?"**

**വാക്യം 29.** കല്ലറയുടെ ഭാവന ഏഴാമത്തെ കഷ്ടത്തിലും തുടരുകയാണ്. "**നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും, നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചുമിരിക്കുന്നു**" എന്നത് ഒരു കാര്യം രണ്ടുവിധത്തിൽ പറയുന്നതാകാം എന്ന കാഴ്ച്ചപ്പാടുണ്ട്. "കല്ലറകൾ" "സ്മാരകങ്ങൾ" പോലെയാണ്. "പ്രവാചകന്മാർ" എന്നു പറയുന്നതിന് തുല്യമാണ് "നീതിമാന്മാർ." സമാനതകളിൽ പറഞ്ഞ വാക്കുകൾക്ക് ചെറിയ അർത്ഥവ്യത്യാസമുണ്ടെന്നാണ് വേറെ ചിലർ കരുതുന്നത്. ഗ്രീക്ക് വാക്കിന് (*മ്നേമെയിയോൺ*) "സ്മാരകം, ഓർമ്മ" അല്ലെങ്കിൽ "ശവക്കുഴി, കല്ലറ" എന്നീ അർത്ഥം ഉള്ളതിനാൽ ഏതാണെന്ന് ഉറപ്പിച്ചു പറയുക പ്രയാസമാണ്.[28] അതിനു പുറമെ, "പ്രവാചകന്മാർ" തീർച്ചയായും "നീതിമാന്മാർ" ആണ്, "നീതിമാന്മാർ" എന്നു പറയുന്നവർ, ദൈവശ്വാസിയരല്ലാതെ വിശ്വസ്തമായി ദൈവത്തെ സേവിച്ചവർ ആകുവാനും സാധ്യതയുണ്ട് (10:41 ന്റെ പരാമർശം നോക്കുക).

ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും പറഞ്ഞതനുസരിച്ച്, "ഭക്തരുടെ ശവകുടീര സ്മാരകങ്ങളെ അലങ്കരിക്കുന്ന രീതി യേശുവിന്റെ കാലത്തും ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായിരുന്നു പ്രവാചകന്മാരുടെ കല്ലറ അലങ്കരിക്കുന്നു എന്ന പ്രസ്താവന തെളിയിക്കുന്നത്."[29] രണ്ടു

നിയമങ്ങൾക്കിടയിൽ ഇത്തരം പരിശീലനമുണ്ടായിരുന്നതായി അപൊക്രിഫാ സാക്ഷ്യപ്പെടുത്തുന്നു. യെഹൂദന്മാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ തന്റെ കുടുംബാംഗങ്ങളെ ഇതുപോലെ ആദരിച്ചതായി സൈമൺ മക്കാബി പറയുന്നു:

> [അയാൾ] തന്റെ അപ്പന്റെയും അവന്റെ നാല് സഹോദരന്മാരുടേയും കല്ലറയുടേമേൽ ഒരു സ്മാരകം [മോഡെയിനിൽ] പണിതു; എല്ലാവർക്കും കാണത്തക്കവിധം ഉയരത്തിൽ മുൻവശവും പിൻവശവും കല്ലുകൾ പോളിഷ് ചെയ്യുകയും ചെയ്തു. കൂടാതെ അയാൾ തന്റെ അപ്പനും അമ്മക്കും നാല് സഹോദരങ്ങൾക്കുമായി നാല് സമാധിസ്തംഭങ്ങളും നിർമ്മിച്ചു. സമാധിസ്തംഭങ്ങൾ വിപുലമാക്കി, സ്ഥിര ജ്ഞാപകങ്ങളാക്കി കോളത്തിന്മേലാണ് പണിതത്, ആയുധധാരികളാക്കി, അതിന്റെ പിന്നിൽ കൊത്തുപണി ചെയ്ത്, കപ്പൽ ഓടിച്ചുവരുന്നവർക്കെല്ലാം കാണുന്ന വിധത്തിലാക്കി.[30]

സ്മാരകങ്ങൾ പണിയുന്ന മറ്റൊരു ഉദാഹരണം ജോസെഫസ്, മഹാനായ ഹെരോദാവിന്റെ സംഭവം വിവരിച്ച് പറയുന്നു. ദാവീദിന്റെ കല്ലറയിലുണ്ടായിരുന്ന സ്വർണ്ണ സാമഗ്രികളെല്ലാം ഹെരോദാവ് കവർന്നു. രണ്ടാമത്തെ പരിശ്രമത്തിൽ, ഹെരോദാവും അവന്റെ ആളുകളും ദാവീദിന്റേയും ശലോമോന്റേയും കല്ലറ ആഴത്തിൽ കുഴിച്ചു പോയപ്പോൾ, അവന്റെ രണ്ട് കാവൽക്കാരെ അഗ്നിക്കിരയാക്കിയതായി കണ്ടിരുന്നു. തൽഫലമായി ഭയചകിതനായിട്ട് "വെള്ളക്കല്ല് കൊണ്ട് ഒരു പ്രസാദകരമായ സ്മാരകം ... വലിയ സംഖ്യ ചെലവിട്ട് ശവകുടീരത്തിന്റെ മുൻപിൽ നിർത്തി."[31]

പല പുരാതന സ്മാരക കല്ലറകൾ ഇന്നുവരെ യെരുശലേമിൽ നിലനിന്നിട്ടുണ്ട്. മൂന്നെണ്ണം കിദ്രോൻ താഴ്വരയിലാണ്: അബ്ശലോമിന്റെ കല്ലറ, സെഖര്യാവിന്റെ കല്ലറയും, ബെനേ ഹെസിറിന്റേയും. എങ്ങനെയായാലും, അവ പണിത തീയതികളെ സംബന്ധിച്ച് വാദിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തെ രണ്ടെണ്ണം തെറ്റായി പേർ കൊടുത്തിരിക്കുന്നു എന്നു വിശ്വസിക്കപ്പെടുന്നു; മറ്റൊരു കാര്യമെന്തെന്നാൽ, ദാവീദിന്റെ മകൻ അബ്ശലോമിനെയാണോ അല്ലെങ്കിൽ പ്രവാചകനായിരുന്ന സെഖര്യാവിനെയാണോ അവിടെ അടക്കിയത് എന്നത് സംശയാസ്പദമാണ്.

**വാക്യം 30.** ശാസ്ത്രിമാരും പരീശന്മാരും പ്രവാചകന്മാരുടെ കല്ലറകളെ വന്ദിച്ചിരുന്നു. സ്പഷ്ടമായി, അവർ പറഞ്ഞത്, തങ്ങൾ **പിതാക്കന്മാരുടെ കാലത്ത് ജീവിച്ചിരുന്നുവെങ്കിൽ, പ്രവാചകന്മാരുടെ രക്തം ചിന്തിയതിൽ കൂട്ടാളികൾ ആകുമായിരുന്നില്ല** എന്നാണ് (21:35, 36 ന്റെ പരാമർശം നോക്കുക).

**വാക്യം 31.** പിതാക്കന്മാർ പ്രവാചകന്മാരെ കൊന്നു എന്നു പറഞ്ഞ്, അവർ തങ്ങളുടെ സ്വന്തം തെറ്റു സമ്മതിക്കുകയായിരുന്നു എന്നാണ് യേശു പറഞ്ഞത്: **"അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്ന് നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നുവല്ലോ."** കുറ്റമുള്ള അവരുടെ പിതാക്കന്മാരുടെ രക്തം തന്നെയാണ് തങ്ങളുടെ സിരകളിലും ഒഴുകുന്നതെന്ന് ആ ആഴ്ച്ചയുടെ അവസാനം നടന്ന സംഭവങ്ങൾ തെളിയിച്ചത്, തങ്ങൾ ആ അപ്പന്മാരുടെ "വാസ്തവത്തിലുള്ള മക്കൾ" തന്നെ എന്നാണ്. അവർ ജീവശാസ്ത്രപരമായി

മാത്രമല്ല, അതേ ആത്മീയ മനോഭാവമുള്ളവരുമായിരുന്നു.

ശാസ്ത്രിമാരുടേയും പരീശന്മാരുടേയും കാപട്യം വ്യക്തമായിരുന്നു. അവർ പുറമെ പ്രവാചകന്മാരുടെ കല്ലറകളെ വന്ദിച്ചിരുന്നുവെങ്കിലും, പ്രവാചകന്മാരുടെ പാരമ്പര്യത്തിൽ ആരെങ്കിലും നിന്നാൽ, അവർ അവനെ ആക്രമിച്ച് എതിരിടുമായിരുന്നു - യേശുവും അവന്റെ ശിഷ്യന്മാരും (21:37–39; 1 തെസ്സ. 2:14–16).[32] സ്തെഫാനൊസ് അതുപോലെയാണ് ന്യായാധിപസഭയെ നേരിട്ടത്: "പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതെ വിട്ടിട്ടുള്ളു? നീതിമാനായന്റെ വരവിനെ കുറിച്ച് മുന്നറിയിച്ചവരെ അവർ കൊന്നുകളഞ്ഞു" (പ്രവൃ. 7:52).

**വാക്യം 32**. യേശു പറഞ്ഞു, "**നിങ്ങളുടെ പിതാക്കന്മാരുടെ കുറ്റം നിങ്ങൾ പൂരിച്ചു**." അതു തന്നെ യേശു മറ്റൊരുവിധത്തിൽ യൂദായോട് പറഞ്ഞു, "നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക" (യോഹ. 13:27). ടിഇൗവിയിൽ "അങ്ങനെ നീ പോയി, നിന്റെ പൂർവ്വപിതാക്കന്മാർ തുടങ്ങി വെച്ചത് പൂർത്തിയാക്കുക!" അലക്സാണ്ടർ ബാൽമെയിൻ ബ്രൂസ് ഈ ചിന്തയെ അൽപം കൂടെ വിശാലമാക്കി പറഞ്ഞു, "*നിങ്ങൾ* നിങ്ങളുടെ പിതാക്കന്മാരുടെ അളവ് നിറക്കുക; ദൈവം നിങ്ങൾക്കായി അയച്ച പ്രവാചകന്മാരെ കൊല്ലുകയായിരുന്നു. നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നത് അവസാനം ചെയ്യുക. അതിനുള്ള നാഴിക വരുന്നു."[33] യേശു വാസ്തവത്തിൽ അർത്ഥമാക്കിയത്, "എല്ലാ മുന്നറിയിപ്പുകളെയും അവഗണിച്ച് നിങ്ങളുടെ ഹൃദയങ്ങൾ കഠിനമാക്കിയതിനാൽ, എല്ലാ ഉത്തരവാദിത്തവും നിങ്ങളിൽ തന്നെയാണ്."[34] പല അവസരങ്ങളിലും, യെഹൂദന്മാർ യേശുവിനെ കൊല്ലുവാൻ പദ്ധതിയിട്ടിരുന്നു (12:14; 21:46; മർ. 11:18; ലൂക്കൊ. 19:47; യോഹ. 5:18; 7:1, 19, 25; 8:37, 40; 11:53).

**വാക്യം 33**. യോർദ്ദാൻ നദിയിൽ സ്നാനം കഴിപ്പിക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ പരീശന്മാരോടും സദൂക്യരോടും ഒരു ചോദ്യം ചോദിച്ചു, "സർപ്പസന്തതികളേ, വരുവാനുള്ള കോപത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻ നിങ്ങളെ ഉപദേശിച്ചത് ആർ?" (3:7). അതേ രൂപകാലങ്കാരം പരീശന്മാരെ **സർപ്പസന്തതികളേ** എന്നു യേശുവും വിളിച്ചിട്ടുണ്ട് (12:34 ന്റെ പരാമർശം നോക്കുക). അവരുടെ മുന്നറിയിപ്പുവാക്കുകൾ അവർ തള്ളിക്കളഞ്ഞു; ഇപ്പോൾ യേശു ചോദിക്കുന്നു, "**സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?**" അവന്റെ ആലങ്കാരിക ചോദ്യത്തിന്റെ അർത്ഥം, "അവരുടെ ദുഷിച്ച വഴിയിൽ തന്നെ അവർ തുടർന്നുപോയാൽ, അവർ ശിക്ഷിക്കപ്പെടും, അല്ലെങ്കിൽ നരകത്തിൽ 'മരണശിക്ഷ' ഏൽക്കേണ്ടിവരും."

## വേറെ ചിന്തകൾ

### ഏഴാമത്തെ കഷ്ടം (23:34-36)

**[34]"അതുകൊണ്ട്, ഞാൻ പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയക്കുന്നു; അവരിൽ ചിലരെ നിങ്ങൾ ക്രൂശിച്ചു കൊല്ലുകയും ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടികൊണ്ട് അടിക്കയും പട്ടണത്തിൽനിന്നു പട്ടണങ്ങളിലേക്ക് ഓടിക്കയും ചെയ്യും. [35]നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തിനും യാഗപീഠത്തിനും നടുവിൽ വെച്ച് കൊന്നവനായി ബെരെഖ്യാവിന്റെ മകനായ സെഖ**

**ര്യാവിന്റെ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെമേൽ വരേണ്ടതാകുന്നു. [36]ഇതൊക്കെയും ഈ തലമുറമേൽ വരും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു."**

**വാക്യം 34.** അവരുടെ പിതാക്കന്മാർ പ്രവാചകന്മാരെ കൊന്നതുപോലെ, ശാസ്ത്രിമാരും പരീശന്മാരും യേശുക്രിസ്തുവിനെ കൊല്ലും. കർത്താവ് പറഞ്ഞത് **പ്രവാചകന്മാരെ അയച്ചതുപോലെ, സുവിശേഷം അറിയിക്കുവാനായി, ദൈവശ്വാസിയരായവരെയും, മറ്റുള്ളവരെയും** അയക്കും എന്നാണ്. എങ്ങനെയായാലും, യെഹൂദ അദ്ധ്യക്ഷന്മാർ അവരെ തള്ളിക്കളയും: **ചിലരെ നിങ്ങൾ ക്രൂശിക്കയും കൊല്ലുകയും, മറ്റു ചിലരെ പള്ളിയിൽ വെച്ച് ചമ്മട്ടികൊണ്ട് അടിപ്പിക്കുകയും, പട്ടണത്തിൽ നിന്നു പട്ടണത്തിലേക്ക് ഓടിക്കുകയും ഉപദ്രവിക്കുകയും ചെയ്യും.** "ക്രൂശിക്കും" എന്നതുകൊണ്ട്, യേശു അർത്ഥമാക്കിയത്, യെഹൂദന്മാർ നിമിത്തം "ചിലർ ക്രൂശിക്കപ്പെടും" എന്നായിരുന്നു. അവർ തന്റെ ശിഷ്യന്മാരെ റോമാക്കാരുടെ കൈകളിൽ ഏല്പിക്കുകയും, അവർ അവരെ "ക്രൂശിൽ തറെച്ചു കൊല്ലുകയും ചെയ്യും" എന്നാണ് (പ്രവൃ. 2:36; 4:10). യേശു മുൻപ് തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചതിനോട് യോജിക്കുന്നതാണ് ഇപ്പോഴത്തെ പ്രവചനം (5:11, 12; 10:17, 23 ന്റെ പരാമർശം നോക്കുക).

യേശു അപ്പൊസ്തലന്മാരേയും, പ്രവാചകന്മാരേയും, മറ്റു ഉപദേഷ്ടാക്കന്മാരേയും യെഹൂദന്മാരുടെ ഇടയിലേക്ക് അയച്ചപ്പോൾ, ആ വാഗ്ദാനം നിറവേറി. അവൻ പ്രവചിച്ചതുപോലെ തന്നെ ആ തലമുറയിൽ തന്നെ അവർ കഠിനമായി ഉപദ്രവിക്കപ്പെട്ടു (23:36). യെഹൂദ മതാദ്ധ്യക്ഷന്മാരാൽ അപ്പൊസ്തലന്മാർ തടവിലാക്കപ്പെട്ടു, എന്നാൽ ദൈവത്തിൽനിന്ന് ഒരു ദൂതൻ വന്ന് അവരെ അത്ഭുതകരമായി വിടുവിച്ചു (പ്രവൃ. 5:17–21). അവരെ വീണ്ടും-തടവിലാക്കുകയും ന്യായാധിപസഭയുടെ മുൻപാകെ കൊണ്ടുവന്ന് "ചാട്ടവാറുകൊണ്ട്" അടിപ്പിച്ച് "ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത്" എന്ന് താക്കീത് ചെയ്യുകയുമുണ്ടായി (പ്രവൃ. 5:27, 28, 40). ന്യായാധിപസഭയുടെ കൽപനപ്രകാരം സ്തെഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുകയും ആദ്യത്തെ രക്തസാക്ഷിയാവുകയും ചെയ്തു (പ്രവൃ. 6:12; 7:1; 57, 58).[35] ആ കാലത്ത് സഭയ്ക്ക് വലിയ ഉപദ്രവം നേരിട്ടു (പ്രവൃ. 8:1). വീടുകൾ തോറും കയറിയിറങ്ങി ക്രിസ്ത്യാനികളെ തടവിലാക്കിയവനായിരുന്നു ശൗൽ (പ്രവൃ. 8:3). എപ്പോഴൊക്കെ ആരെയെങ്കിലും കൊന്നിട്ടുണ്ടോ, "[അവന്റെ] വോട്ട് അവർക്കെതിരായിരുന്നു" (പ്രവൃ. 26:10). അവന്റെ മതഭ്രാന്ത് കൂടുതൽ ക്രിസ്ത്യാനികളെ തടവിലാക്കുവാനായി ദുരെയുള്ള പട്ടണങ്ങളിലേക്ക് അവൻ യാത്ര ചെയ്തു (പ്രവൃ. 9:1, 2; 26:11).

യോഹന്നാന്റെ സഹോദരനായിരുന്ന യാക്കോബ് എന്ന അപ്പൊസ്തലനെ ഹെരാദാവ് അഗ്രിപ്പാവ് I നാൽ ശിരഛേദം ചെയ്യപ്പെട്ടു, അങ്ങനെ അവൻ രക്തസാക്ഷിയായി തീർന്ന ആദ്യത്തെ അപ്പൊസ്തലനായി (പ്രവൃ. 12:1, 2). ഇതേ ഹെരോദാവ് പത്രൊസിനേയും അങ്ങനെ കൊല്ലേണ്ടതിന്ന് തടവിലാക്കിയിരുന്നു; പക്ഷെ ദൈവം ഇടപെട്ട് പത്രൊസിനെ തടവിൽനിന്നു വിടുവിച്ചു (പ്രവൃ. 12:3–12). പൗലൊസിനേയും കൂട്ടാളികളേയും അവരുടെ മിഷ്ണറി യാത്രകളിലെല്ലാം യെഹൂദ മതാദ്ധ്യക്ഷന്മാർ ഒരു ബാധപോലെ ഉപദ്രവിച്ചു കൊണ്ടിരുന്നു. ചിലപ്പോൾ അവർക്ക് തങ്ങളുടെ പ്രാണരക്ഷാർത്ഥം പട്ടണങ്ങ

ളിൽനിന്നും ഓടി പോകേണ്ടി വന്നിരുന്നു.[36]

**വാക്യം 35**. അവർ തന്റെ ശിഷ്യന്മാരെ ഉപദ്രവിച്ചതിനാൽ, യേശു പറഞ്ഞത്, **ഭൂമിയിൽ ചൊരിഞ്ഞ നീതിമാന്മാരുടെ രക്തത്തിന്റെ കുറ്റം** ശാസ്ത്രിമാരുടേയും പരീശന്മാരുടേയും മേൽ വരും എന്നാണ്. നിരപരാധികളായിരുന്ന ദൈവത്തിന്റെ ദാസന്മാരെ കൊന്നുകൊണ്ടിരിക്കുന്ന കുറ്റം വർഷങ്ങളായി തുടരുകയായിരുന്നു, അത് ഉച്ചസ്ഥായിയിലെത്തിയപ്പോഴായിരുന്നു ദൈവം യിസ്രായേലിനെ ന്യായവിധി നടത്തുമെന്നു പറഞ്ഞത്.

"ഭൂമിയിൽ ചൊരിഞ്ഞ എല്ലാ നീതിമാന്മാരുടേയും രക്തം" എന്നതിൽ രണ്ടുപേരുടെ മരണത്താൽ നിർവ്വചിച്ചിരിക്കുന്നു. ആദ്യം കൊല്ലപ്പെടുന്ന **നീതിമാനായിരുന്നു ഹാബേൽ**, അവനെ സ്വന്ത സഹോദരൻ കയ്യീനായിരുന്നു കൊന്നത് (ഉല്. 4:8). "തന്റെ പ്രവൃത്തി ദോഷമുള്ളതാകയാലും, സഹോദരന്റേത് നീതിയുള്ളതുമാകയാലായിരുന്നു അവൻ ഹാബേലിനെ കൊന്നത്" എന്നു യോഹന്നാൻ എഴുതിയിരിക്കുന്നു (1 യോഹ. 3:12). എബ്രായലേഖകൻ പറഞ്ഞു, "വിശ്വാസത്താൽ ഹാബേൽ കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന്നു നീതിമാൻ എന്നു സാക്ഷ്യം ലഭിച്ചു, ദൈവം അവന്റെ വഴിപാടിന്നു സാക്ഷ്യം കൽപിച്ചു, മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രാ. 11:4). അവന്റെ നിരപരാധിത്വം നിമിത്തം, ഹാബേലിന്റെ **രക്തം** ഭൂമിയിൽ നിന്നു നീതിക്കായി നിലവിളിക്കുന്നു (ഉല്. 4:10; എബ്രാ. 12:24).

രണ്ടാമത് പറഞ്ഞ **സെഖര്യാവിനെ** തിരിച്ചറിയുക പ്രയാസമാണ്. **മന്ദിരത്തിനും യാഗപീഠത്തിനും ഇടക്ക്** കൊല്ലപ്പെട്ട, **യെഹോയാദാവിന്റെ മകനായി**രുന്നു എന്ന് അവനെ കുറിച്ചു പറയുന്നു. ബൈബിളിൽ ഏതാണ്ട് മുപ്പതിലധികം "സെഖര്യാവുമാർ" ഉണ്ടെന്നാണ് ഗ്യാരി എം. ബർജ് പറഞ്ഞത്.[37] ദൈവാലയ പരിസരത്തു വെച്ച് കൊല്ലപ്പെട്ടത് ഒരാൾ മാത്രമാണ്. അവൻ വിഗ്രഹാരാധനക്ക് എതിരായി നിന്നതുകൊണ്ട് യോവാശ് രാജാവാണ് അവനെ കൊല്ലുവാൻ കല്പിച്ചത്. അവന്റെ മരണം സംഭവിച്ചത് "യഹോവയുടെ ആലയ പ്രാകാരത്തിലായിരുന്നു" (2 ദിന. 24:20, 21). ആ വിവരണമാണ് യേശു പറഞ്ഞതിനോട് യോജിക്കുന്നത്. ആ സെഖര്യാവ് ബേരേഖ്യാവിന്റെ മകൻ സെഖര്യാവായിരുന്നില്ല, പിന്നെയോ "യെഹോയാദാ പുരോഹിതന്റെ മകൻ സെഖര്യാവായിരുന്നു."

വ്യാഖ്യാതാക്കൾ പല രീതിയിലാണ് ആ ബുദ്ധിമുട്ട് പരിഹരിച്ചത്, (1) ഒന്നാം നൂറ്റാണ്ടിൽ കൊല്ലപ്പെട്ട സെഖര്യാവിനെ കുറിച്ചായിരുന്നു യേശു പറഞ്ഞത്. **നിങ്ങൾ** എന്നു പറഞ്ഞിരിക്കുന്ന രണ്ടാം വ്യക്തിയെ ഊന്നിയാണ് അവർ അങ്ങനെ പറയുന്നത്: "മന്ദിരത്തിനും യാഗപീഠത്തിനും മദ്ധ്യേ വെച്ച് *നിങ്ങൾ* കൊന്ന" (എംഫസിസ് ആഡഡ്). ഈ സംഭവത്തിൽ, കാലയളവ് സൃഷ്ടിമുതൽ ഒന്നാം നൂറ്റാണ്ടുവരെയാണ് - കാരണം യേശുവിന്റെ ശ്രോതാക്കൾ ഉള്ളത് ആ സമയത്തായിരുന്നുവല്ലോ. "ബാരൂക്കിന്റെ മകൻ സെഖര്യാവ്" ദൈവാലയത്തിൽ വെച്ച് കൊല്ലപ്പെട്ടിരുന്നതായി ജോസെഫസ് പറയുന്നു. അത് യെരുശലേം നശിപ്പിച്ച സമയത്ത് മതഭ്രാന്തന്മാർ ചെയ്തതാണ്.[38] അതായത് യേശു ഈ വാക്യത്തിൽ പറഞ്ഞ് നാൽപതുവർഷം *കഴിഞ്ഞ്* നടന്നതാണ് ആ സംഭവം.

(2) പഴയനിയമത്തിലെ സെഖര്യാവ് എന്ന പുസ്തകം എഴുതിയ ചെറിയ പ്രവാചകനെയായിരുന്നു യേശു ഉദ്ദേശിച്ചതെന്ന് ചിലർ വിശ്വസിക്കുന്നു.

സെഖര്യാവ് 1:1-ൽ, അവൻ തന്നെ കുറിച്ച് പറഞ്ഞിരിക്കുന്നത്, "ബെരേഖ്യാവിന്റെ മകനായ സെഖര്യാവ്" എന്നാണ്. ഈ പേർ യേശു പറഞ്ഞ പേരുമായി യോജിക്കുന്നു. ആ തിരിച്ചറിയൽ ശരിയാണെങ്കിൽ, കാലയളവ് സൃഷ്ടി മുതൽ പഴയനിയമത്തിന്റെ അവസാനം വരെയാകും, കാരണം സെഖര്യാവ് അവസാന പ്രവാചകന്മാരിൽ ഒരാളായിരുന്നു. അവൻ പ്രവർത്തിച്ചിരുന്നത്, പ്രവാസ-ശേഷമുള്ള കാലത്തായിരുന്നു, അത് ബി. സി. അഞ്ചാം നൂറ്റാണ്ടു വരെ യായിരുന്നു. ഇവിടെയുള്ള മുഖ്യ പ്രശ്നം എന്തെന്നാൽ അവൻ എങ്ങനെ മരിച്ചു എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തിയിട്ടില്ല. ദൈവാലയ പുനർനിർമ്മാണത്തിനു പ്രോൽസാഹിപ്പിച്ച ഈ പ്രവാചകൻ, ദൈവാലയത്തിൽ വെച്ച് മരിച്ചിരുന്നോ?

(3) വാക്യം 35-ൽ പറഞ്ഞിരിക്കുന്ന സെഖര്യാവ് യെഹോയാദാവിന്റെ മകൻ സെഖര്യാവാണെന്ന് വേറെ ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു. "ബെരേഖ്യാവിന്റെ മകൻ സെഖര്യാവ്" എന്നതിനെ വിശദമാക്കുവാൻ പല നിർദ്ദേശങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ബൈബിളിലെ ആളുകൾക്ക് ചിലപ്പോൾ ഒന്നിലധികം പേരുകൾ ഉള്ളതുകൊണ്ട്, യെഹോയാദാവിന്റെ മറ്റൊരു പേരായിരുന്നേക്കാം ബെരേഖ്യാവ്. ബെരേഖ്യാവ്, സെഖര്യാവിന്റേയും യെഹോയാദാവിന്റേയും മുൻഗാമിയായിരിക്കുവാനും സാധ്യതയുണ്ട്. ഈ സംഭവത്തിൽ "മകൻ" എന്നത് പിൻഗാമി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കാം.[39] ഒരുപക്ഷെ രണ്ട് സെഖര്യാവുമാർ തമ്മിൽ തെറ്റിദ്ധരിക്കപ്പെട്ടതിനാൽ, പിന്നീട് പകർത്തിയെഴുതിയ ശാസ്ത്രി കൂട്ടിച്ചേർത്തതാകാം, "ബെരേഖ്യാവിന്റെ മകൻ" എന്നത്. ഇതിന്റെ വേദഭാഗസംബന്ധമായ തെളിവ് പരിമിതമാണ്, എന്നാൽ ലൂക്കൊസിലെ സമാന്തര വേദഭാഗത്ത് "ബെരേഖ്യാവിന്റെ മകൻ" എന്നില്ല എന്നത് പ്രാധാന്യമുള്ള കാര്യമാണ് (ലൂക്കൊ. 11:51).

യെഹോയാദാവിന്റെ മകനായ സെഖര്യാവ് എന്നത് ശരിയാണെങ്കിൽ, യേശു പറഞ്ഞതായ "ഭൂമിയിൽ ചിന്തപ്പെട്ട നീതിമാന്മാരുടെ രക്തം" പഴയനിയമത്തിൽ ചിന്തപ്പെട്ട എല്ലാ നീതിമാന്മാരുടേയും രക്തം ശാസ്ത്രിമാരുടേയും പരീശന്മാരുടേയും മേൽ വരും. എബ്രായ ബൈബിളിൽ ആദ്യ പുസ്തകം ഉൽപത്തിയും (അവിടെയാണ് ഹാബേലിന്റെ കുല നടക്കുന്നത്) അവസാനത്തേത് 2 ദിനവൃത്താന്തമാണ് (അവിടെയാണ് സെഖര്യാവിന്റെ കുല രേഖപ്പെടുത്തിയിരിക്കുന്നത്). ഒരു ക്രിസ്ത്യാനി "ഉൽപത്തി മുതൽ വെളിപ്പാട് വരെ" എന്നു പറയുന്നതിനു തുല്യമാണ് അത്.

ഈ രണ്ടു കുലപാതക വിവരണങ്ങളിലും, പ്രതികാരം കാണുന്നു. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, "ഹാബേലിന്റെ രക്തം നീതിക്കായി നിലവിളിക്കുന്നു" (ഉല്. 4:10). സെഖര്യാവിനെ കല്ലെറിഞ്ഞു കൊന്നപ്പോൾ, അവൻ നിലവിളിച്ചു, "യഹോവ നോക്കി ചോദിച്ചുകൊള്ളട്ടെ" (2 ദിന. 24:22). "രക്തപാതകം എന്ന യേശുവിന്റെ പ്രസ്താവന അനുയോജ്യമാക്കുന്നതാണ് തിരഞ്ഞെടുത്ത ഈ രണ്ടു ഉദാഹരണങ്ങളും"[40] എന്നാണ് ആർ. ടി ഫ്രാൻസ് പറഞ്ഞത്.

**വാക്യം 36**. ഈ അനീതിക്കുള്ള ശിക്ഷ **ഈ തലമുറയുടെ മേൽ** തന്നെ വരുമെന്നാണ് യേശു മുന്നറിയിച്ചത് (11:16; 12:39, 40; 17:17 ന്റെ പരാമർശം നോക്കുക). നാൽപതു വർഷങ്ങൾക്കുള്ളിൽ വെസ്പേഷ്യന്റേയും മകൻ ടൈറ്റസിന്റേയും സൈന്യം യെരുശലേമിനെ വളയുകയും, അവസാനം ഏ. ഡി. 70-ൽ നഗരത്തെ നശിപ്പിക്കുകയും ചെയ്തു.

## യെരുശലേമിനെ നോക്കിയുള്ള അവന്റെ കരച്ചൽ
## (23:37-39)

**37“യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും, നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസായിരുന്നു; നിങ്ങൾക്കോ മനസായില്ല. 38നിങ്ങളുടെ ഭവനം ശൂന്യമായിതീരും. 39‘കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു.’ ”**

**വാക്യം 37. “യെരുശലേമേ, യെരുശലേമേ ...!”** എന്നു വിളിച്ചുകൊണ്ടാണ് യേശു കരയുവാൻ തുടങ്ങിയത്. ഒരു വാക്കോ പേരോ ആവർത്തിച്ചു പറയുന്നത് അഗാധവികാരത്തെയാണ് സൂചിപ്പിക്കുന്നത് (2 ശമു. 18:33; 1 രാജാ. 13:2; ലൂക്കൊ. 10:41; 22:31). മറ്റു യെഹൂദന്മാരെപോലെ തന്നെ യേശുവിനും വിശുദ്ധ നഗരവുമായി പ്രത്യേക ബന്ധമുണ്ടായിരുന്നു. ഇവിടെ യേശു “യെരുശലേം” എന്ന് ആലങ്കാരികമായി പറയുന്നത് യിസ്രായേൽ ദേശത്തെ മുഴുവനും ഉൾപ്പെടുത്തിയാണെന്നു തോന്നുന്നു.

കർത്താവ് തുടർന്നു, “... **പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചവരെ കല്ലെറിയുകയും ചെയ്തവളേ.**” യെരുശലേമിലേക്കയച്ച എല്ലാ പ്രവാചകന്മാരേയും, എല്ലാ ദാസന്മാരെയും അവൾ കൊന്നില്ല, ആ കുറ്റകൃത്യങ്ങൾക്ക് ആവശ്യമായ മിക്ക കൽപനകളും പുറപ്പെടുവിച്ചത് അവിടെനിന്നായിരുന്നു. അവ ഒന്നുകിൽ ന്യായാധിപസഭയിൽനിന്നോ അല്ലെങ്കിൽ, യെഹോയാദാവിന്റെ മകൻ സെഖര്യാവിന്റെ കാര്യത്തിലെന്നപോലെ സിംഹാസനത്തിൽനിന്നോ കൽപന പുറപ്പെട്ടിരിക്കും. ഗ്രീക്ക് വേദപുസ്തകത്തിൽ, “കൊല്ലുക,” “കല്ലെറിയുക” എന്നത് വർത്തമാനകാല ക്രിയയിലാണ്, അത് “കൊല്ലുന്നവർ” “കല്ലെറിയുന്നവർ” എന്നു തർജിമ ചെയ്യാവുന്നതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് തുടർപ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. മന്ത്രവാദികളെയും (ലേവ്യ. 20:27) ദൂഷണം പറയുന്നവരേയും (ലേവ്യ. 24:16), കള്ളപ്രവാചകന്മാരെയും (ആവ. 13:1–11), വിഗ്രഹാരാധികളെയും (ആവ. 17:2–7). ദൈവം അയച്ച വിശ്വസ്തരായ ആളുകളോട് ഇങ്ങനെ പെരുമാറുന്നത് വിരോധാഭാസവും അപകടകരവുമാകുന്നു.

**എത്ര വട്ടം** എന്നതു സൂചിപ്പിക്കുന്നത്, യേശു പല പ്രാവശ്യം യെരുശലേമിലേക്ക് പോയിരുന്നു എന്നാണ്. അമ്മയപ്പന്മാരോടുകൂടെ യേശു യെരുശലേം സന്ദർശിച്ചിരുന്നു (ലൂക്കൊ. 2:22–38), പന്ത്രണ്ടാം വയസിലും അവൻ യെരുശലേമിൽ പോയിരുന്നു (ലൂക്കൊ. 2:41–51), ഇവിടെ രേഖപ്പെടുത്തിയ സന്ദർശനമല്ലാതെ മറ്റു സന്ദർശനങ്ങൾ സംക്ഷിപ്ത സുവിശേഷങ്ങളിൽ പറഞ്ഞിട്ടില്ല. എങ്ങനെയായാലും, യേശുവിന്റെ 30 വയസായപ്പോഴത്തെ ശുശ്രൂഷയിൽ പല വട്ടം അവൻ യെരുശലേം സന്ദർശിച്ചിരുന്നതായി യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു (യോഹ. 2:13; 5:1; 7:14; 10:22, 23; 12:12). വേറെയും സന്ദർശനങ്ങൾ അവൻ നടത്തിയതായി കൊർന്നെല്ല്യോസിന്റെ ഭവനത്തിൽവെച്ച് പത്രൊസ് നടത്തിയ പ്രസ്താവനയിൽ പറയുന്നു (പ്രവൃ. 10:39). ന്യായപ്രമാണം യേശു പൂർണ്ണമായി അനുസരിച്ചിരിക്കകൊണ്ട്, അവൻ വർഷത്തിൽ

പല പ്രാവശ്യം യെരുശലേമിൽ പോയിരിക്കും, കാരണം ഓരോ യെഹൂദനിൽനിന്നും അത് ദൈവം ആവശ്യപ്പെട്ടിരുന്നു.

ഈ അവസരത്തിൽ യേശു കരഞ്ഞാലും ഇല്ലെങ്കിലും (ലൂക്കൊ. 19:41 നോക്കുക), അവന് അതീവ ദുഃഖമുണ്ടായിരുന്നു എന്നു അവന്റെ വാക്കുകൾ സൂചിപ്പിക്കുന്നു. യെഹൂദന്മാർ തന്റെ അടുക്കലേക്ക് വന്നിരുന്നു എങ്കിൽ, അവരെ അവൻ സംരക്ഷിക്കുമായിരുന്നു, പക്ഷെ അവർ വന്നില്ല. കവർച്ചക്കാരിൽനിന്നും, പ്രതികൂലമായ കാലാവസ്ഥയിൽനിന്നും **കോഴി** തന്റെ **കുഞ്ഞുങ്ങളെ** സംരക്ഷിക്കുന്നത് **ചിറകിൻ കീഴിലാണ്**. യിസ്രായേലിനെ ദൈവം വിടുവിച്ചു സംരക്ഷിക്കുമെന്നു പറയുമ്പോൾ, പഴയനിയമത്തിൽ ഇതേ ഭാവന ഉപയോഗിച്ചിരിക്കുന്നു (ആവ. 32:11; രൂത്ത്. 2:12; സങ്കീ. 17:8; 36:7; 57:1; 61:4; 63:7; 91:4; യെശ. 31:5).

വേദഭാഗത്തിലെ ദുഃഖകരമായ പ്രസ്താവനയാണ് മനസായില്ല എന്നത്. ത്യജിക്കൽ എന്ന വിഷയം, ദൈവജനത്തിന്റെ കഠിനഹൃദയത്തെ കാണിക്കുന്നു, അത് കഴിഞ്ഞ ഉപമകളിൽ സൂചിപ്പിച്ചിരുന്നതാണ്. യെഹൂദ അദ്ധ്യക്ഷന്മാർക്ക് സന്ദേശം കേൾക്കുവാൻ കഴിഞ്ഞിരുന്നില്ല, അവസാനം അവന്റെ പുത്രനെ അവർ തള്ളിക്കളഞ്ഞു (21:34–39). അവന്റെ ആവർത്തിച്ചുള്ള ക്ഷണവും അവർ ശ്രദ്ധിച്ചില്ല (22:3–6).

**വാക്യങ്ങൾ 38, 39**. യേശു പ്രവചിച്ചു, “**നിങ്ങളുടെ ഭവനം ശൂന്യമായി തീരും**” യെഹൂദന്മാർ കർത്താവിന്റെ നിർദ്ദേശങ്ങളെല്ലാം തള്ളിക്കളഞ്ഞതുകൊണ്ട്, അവർക്ക് വരുവാനിരിക്കുന്ന നാശത്തെ അവൻ മുന്നറിയിച്ചു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഭാഷ പഴയനിയമത്തിലെ വേദഭാഗങ്ങളെ ഓർമ്മിപ്പിക്കുന്നതായിരുന്നു (യിരെ. 12:7, 22:5; 26:6, 9). “ഭവനം” എന്നതു ഒന്നുകിൽ ദൈവാലയം (1 രാജാ. 9:7, 8; ഹഗ്ഗ. 1:4, 9; മത്താ. 21:13) അല്ലെങ്കിൽ യെരുശലേം നഗരം ആയിരിക്കും. ശൂന്യമാകുമെന്ന ആശയം ഉന്മൂല നാശത്തെയാണ് കാണിക്കുന്നത്. ദൈവം തന്റെ ആലയത്തെയും, തന്റെ ജനത്തെയും തള്ളിക്കളയും. എ. ഡി. 70–ൽ റോമൻ സൈന്യത്താൽ യെരുശലേമിനെ, ദൈവാലയമടക്കം നശിപ്പിക്കുവാൻ അനുവദിക്കുകയും, നഗരം നശിക്കുകയും ചെയ്തു. താൻ ഉപദേശിക്കുകയും ആളുകളോട് സംസാരിക്കുകയും ചെയ്ത സ്ഥലം വീണുപോകുമെന്നായിരുന്നു യേശു മുന്നറിയിച്ചത്. അദ്ധ്യായം 24–ൽ യെരുശലേമിന്റെ നാശത്തെ കുറിച്ചുള്ള രഹസ്യ പ്രസംഗത്തെ മുന്നറിയിക്കുന്നതായിരുന്നു ആ വാക്യം.

“**കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ**” എന്ന് പറയുന്നതുവരെ അവർ ഇനി അവനെ കാണുകയില്ല എന്നാണ് യേശു പറഞ്ഞത് (സങ്കീ. 118:26). മുൻപ് വിജയപ്രവേശനത്തിൽ യെഹൂദ തീർത്ഥാടകർ അവനെ ആദരിച്ച പ്രസ്താവനയാണ് ഇവിടെ പറഞ്ഞത് (21:9 ന്റെ പരാമർശം നോക്കുക). ആ പ്രസ്താവനയോടുകൂടി അവന്റെ പരസ്യ ശുശ്രൂഷ അവസാനിക്കുകയായിരുന്നു, അത് അവന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നത് അദ്ധ്യായം 24 ലും 25 ലും വിശദമാക്കുകയും ചെയ്യുന്നു. ആ സമയത്ത്,യാതൊരു ഒഴികഴിവുമില്ലാതെ അവൻ ആരാണെന്ന് സമ്മതിക്കുകയും,[41] “കർത്താവിന്റെ നാമത്തിൽ വരുന്നവൻ!” എന്നു അംഗീകരിക്കയും ചെയ്യും. പൗലൊസ് എഴുതി, “പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി, എല്ലാ നാവും യേശുവിനെ കർത്താവ് എന്നു ഏറ്റു പറയും” (ഫിലി. 2:10, 11).

യേശു ഭൂമിയിലേക്ക് മടങ്ങി വരുമെന്ന് പറഞ്ഞിട്ടില്ല. അവൻ പിന്നീട് ന്യ

ായാധിപസഭയോട് പറഞ്ഞു, "ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും" (മത്താ. 26:64). നീതിമാന്മാർ "അവനോട് ഒരുമിച്ച് ആകാശമേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത് (1 തെസ്സ. 4:17). അവൻ വീണ്ടും ഭൂമിയിൽ കാൽ കുത്തുകയില്ല. വെളിപ്പാടിൽ യോഹന്നാൻ എഴുതി, "ഇതാ അവൻ മേഘാരൂഢനായി വരുന്നു; ഏത് കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ" (വെളി. 1:7).

**പാഠം**

**ദശാംശം (23:23)**

പഴയനിയമത്തിൽ ആവശ്യപ്പെട്ടതായിരുന്നു ദശാംശം, എന്നാൽപുതിയ ഉടമ്പടിയിൽ അതു കാണുന്നില്ല. പുതിയനിയമത്തിൽ ആ പരിശീലനത്തെ വിരളമായിട്ടേ പറഞ്ഞിട്ടുള്ളു. സുവിശേഷങ്ങളിൽ, അത് ശാസ്ത്രിമാരുടേയും പരീശന്മാരുടേയും പ്രവൃത്തികളായിട്ടാണ് പറഞ്ഞിരിക്കുന്നത് (23:23; ലൂക്കൊ. 11:42; 18:12). എബ്രായപുസ്തകത്തിൽ, പഴയനിയമ പരിശീലനമായിട്ടാണ് പറഞ്ഞിരിക്കുന്നത്: അബ്രഹാം ശാലേം രാജാവായിരുന്ന മൽക്കിസെദേക്കിന് പത്തിലൊന്ന് കൊടുത്തിരുന്നു, പിന്നീട് യിസ്രായേൽ ലേവ്യർക്ക് ദശാംശം കൊടുത്തിരുന്നു (എബ്രാ. 7:4–10). ദശാംശ വ്യവസ്ഥയാൽ പൗരോഹിത്യ ശുശ്രൂഷയെ സഹായിച്ചിരുന്നു; അത് നികുതിയോട് ഉപമിക്കാമായിരുന്നു[42] ക്രിസ്ത്യാനികളോട് പത്തിലൊന്നു കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. പകരം, നമുക്കുള്ള പ്രാപ്തി പോലെ ഹൃദയത്തിൽ നിശ്ചയിച്ചതാണ് കൊടുക്കുവാൻ പറഞ്ഞിരിക്കുന്നത് (2 കൊ. 9:7).

---

കുറിപ്പുകൾ

[1]ജോൺ മാക്ക് ആർദർ, ജൂനിയർ., *ദ മാക്ക് ആർദർ ന്യൂടെസ്റ്റമെന്റ് കമന്ററി: മാത്യൂ 16–23* (ഷിക്കാഗോ: മൂഡി പ്രസ്സ്, 1988), 375. [2]ബ്രൂസ്സ് എം. മെറ്റ്സ്ജർ, *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റമെന്റ്*, 2 ഡ് എഡി. (സ്റ്റക്ക്ഗാർട്ട്: ജെർമ്മൻ ബൈബിൾ സൊസൈറ്റി, 1994), 50. [3]താൽമൂദ് *ഗിറ്റിൻ* 52എബി നോക്കുക. [4]*ടെസ്റ്റമെന്റ് ഓഫ് മോസസ്സ്* 7.6. [5]ജോസെഫസ് *ആന്റികിറ്റീസ്* 14.7.2. [6]ഇബിഡ്., 20.2.3, 4; റ്റാസിറ്റസ് *ഹിസ്റ്ററീസ്* 5.5; ഹോറസ് *സാറ്റയേഴ്സ്* 1.4.142, 143. [7]അതുപോലെ "നാശയോഗ്യൻ" എന്നാണ് വിളിച്ചത് (യോഹ. 17:12). അതിനു പുറമേ, താൽമൂദിൽ "ഗെഹിന്നോമിൻെറ മക്കൾ" (താൽമൂദ് രോഷ് ഹാ-ഷാനാ 17എ). അതിന്റെ എതിരായ പ്രയോഗമാണ് "രാജ്യത്തിന്റെ പുത്രന്മാർ" (13:38). 8ഡേവിഡ് ഇ. ഗാർലെന്റ്, "ഓത്സ് ആന്റ് സ്വെയറിങ്," ഇൻ ഡിഷ്ണറി ഓഫ് ജീസസ്സ് ആന്റ് ദ ഗോസ്പൽസ്, എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1992), 578. [9]ജോസെഫസ് *വാഴ്സ്* 5.5.6. [10]ജോസെഫസ് *ആന്റികിറ്റീസ്* 14.4.4; 14.7.1, 2; *എഗൻസ്റ്റ് ആപ്പിയോൺ* 2.7.

[11]അലൻ ഹഫ് മെക്നെയിൽ, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ലണ്ടൻ: മാക്മില്ലൻ ആന്റ് കമ്പനി., 1938), 334. [12]ഡൊണാൾഡ് എ. ഹാ

ഗെർ, *മാത്യു 14-28*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1995), 669. [13]മിഷ്നാ *ഷെബുവോത്* 4.13. [14]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 269. [15]ലേവ്യർ തിരിച്ച്, പുരോഹിതന്മാർക്ക് ദശാംശം നൽകും (സംഖ്യാ. 18:25-32). [16]മിഷ്നാ *മാസേരോത്* 4.5. [17]മിഷ്നാ അനുസരിച്ച് റൂ വന്യമായി വളരുന്നതിനാൽ, അതിന്റെ ദശാംശം നൽകേണ്ടതില്ല (മിഷ്നാ ഷെബിയിത് 9.1.). [18]ഗ്രീക്കിന്റെ ഇതേ രൂപം മുൻപ് ഈ അദ്ധ്യായത്തിൽ "ഘനമുള്ള" ചുമടിന് ഉപയോഗിച്ചിട്ടുണ്ട് (23:4). [19]മിഷ്നാ *അബോത്* 2.1; 4.2. [20]താൽമൂദ് *ഷബാത്* 12 എ നോക്കുക.

[21]ഹാഗെർ 670-71; ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 329. [22]മിഷ്നാ *ഷാബാത്* 20.1, 2; താൽമൂദ് *ഹലിൻ* 67ഏ. [23]മിഷ്നാ *കെലിം* 25.7, 8. റബ്ബിമാർ അവരുടെ കാഴ്ച്ചപ്പാടിൽ, പാത്രത്തിന്റെ ഒരു വശം വെടിപ്പാക്കിയാൽ എങ്ങനെ മറുവശം വെടിപ്പാകും എന്നു പറയുന്നു (*ടോഹോരോത്* 8.7; *പാരാ* 12.8.) കൂടുതൽ വിവരങ്ങൾക്ക് നോക്കുക, ജേക്കബ് ന്യുസ്നെർ, "ഫസ്റ്റ് ക്ലെൻസ് ദ ഇൻസൈഡ്." *ന്യുടെസ്റ്റമെന്റ് സ്റ്റഡീസ്* 22 (ജൂലായ് 1976); 486-95. [24]മിഷ്നാ *ഷെക്കാലിം* 1.1; *മോയെഡ് ഖടാൻ 1.2; മാസെർ ഷെനി* 5.1; "കല്ലറകൾ" (*ടാഫോസ്*) "ഓസുവാരീസ്" എന്നതിനെയാണ് പറയുന്നത്. നോക്കുക, സാമുവേൽ ടി. ലാക്സ്, "ഓൺ മാത്യു 23:27-28," *ഹാർവേർഡ് തിയോളജിക്കൽ റെവ്യു*68 (ജൂലായ്-ഒക്ടോബർ 1975), 385-88 ചില ഓസുവാരീസ് ആഭരണത്താൽ അലങ്കരിച്ച് മനോഹരമാക്കിയിരുന്നു, എന്നാൽ അവയുടെ മാംസമെല്ലാം അഴുകി പോയ അസ്തികൾ മാത്രമാണ് അവശേഷിച്ചത്. [25]അത് പെസഹാ പെരുന്നാളിന്റെ സമയമാകയാൽ, ആ കല്ലറകളെല്ലാം വെള്ളപൂശി മനോഹരമാക്കിയിരുന്നു. യേശുവിന്റെ സദസ്യരിൽ ചിലർ അവയിൽ മിക്കവയും കണ്ടിരിക്കുവാനിടയുണ്ട്. [26]വില്യം ഹെൻഡ്രിക്സൺ, *ന്യുടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എകോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 835. [27]താൽമൂദ് *ബെരാകോത്* 28ഏ. [28]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3 ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ യൂണിവേഴ്സിറ്റി ഓഫ് ഷികാഗോ പ്രസ്, 2000), 654-55. *മ്നേയിയോൻ* എന്ന വാക്ക് പുതിയ നിയമത്തിൽ "കല്ലറയെ" ആണ് പറയുന്നത് (8:28; 27:52, 53, 60; 28:8; മർ. 5:2, 3; 6:29: 15:46; 16:2-8; ലൂക്കൊ. 11:44; 23:55; 24:2, 9, 12, 22, 24; യോഹ. 5:28; 11:17, 31, 38; 12:17; 19:41, 42; 20:1-11; പ്രവൃ. 13:29). [29]ഏ. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും, *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, ന്യുയോർക്.: ഡബിൾഡേ & കമ്പനി., 1971), 281-82. [30]1 മെക്കാബീസ് 13:27-29 (എൻആർഎസ്വി).

[31]ജോസെഫസ് *ആന്റികിറ്റിസ്* 16.7.1. ദാവീദിന്റെ കല്ലറയെ കുറിച്ച് പ്രവൃത്തികൾ 2:29-ൽ പറയുന്നു. [32]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 586. [33]അലെക്സാണ്ടർ ബാൽമെയിൻ ബ്രൂസ്, "ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു," ഇൻ *ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, വാല്യം. 1, *ദ സിനോപ്റ്റിക് ഗോസ്പെൽസ് - ദഗോസ്പെൽ ഓഫ് സെന്റ്. ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1951), 285. [34]ഹെൻഡ്രിക്സൺ, 835. [35]മത്തായി 23-ൽ, യേശു സംസാരിക്കുന്നത് ഒരുപക്ഷെ സ്തെഫാനോസിനെ കല്ലെറിയുവാൻ കൂട്ടുനിന്ന ന്യായാധിപ സഭയിൽ അപ്പോൾ

ഉണ്ടായിരുന്നവരോടായിരിക്കാം. [36]പ്രവൃ. 13:45, 50; 14:2, 5, 6, 19; 17:5, 13; 18:12; 19:8, 9; 20:3; 21:27; 23:12; 24:1–9; 25:2, 3; 2 കൊ. 11:23–26. [37]ഗ്യാരി എം. ബർജ്, "സെഖര്യാവ്," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* 4:1182–83. [38]ജോസെഫസ് *വാഴ്സ്* 4.5.4. [39]ചെറിയ പ്രവാചകനായിരുന്ന സഖര്യാവിനെ "യിദ്ദോയുടെ മകൻ ബെരേഖ്യാവിന്റെ മകൻ" എന്നും (സെഖ. 1:1), വെറും "യിദ്ദോയുടെ മകൻ" എന്നും വിളിച്ചിരുന്നു (എസ്രാ. 6:14). [40]ഫ്രാൻസ്, 331.

[41]ഹാഗെനർ, 681. [42]മാക് ആർദർ, 384–85.